WORLD MALAYALEE FEDERATION
WMF
WORLD'S LARGEST PRAVASI MALAYALEE NETWORK

VISWAKAIRALI

# വിശ്വകൈരളി

A MAGAZINE OF THE WORLD MALAYALEE FEDERATION



കവർ സ്റ്റോറി

## പ്രകൃതി, ദുരന്തം, കാലാവസ്ഥ

ഡോ. മുരളി തുമ്മാരുകുടി

അഭിമുഖം

## കേരളം 'നിപ്പയെ' പ്രതിരോധിച്ചതെങ്ങനെ?

ഡോ. അനൂപ് കുമാർ

# 01
July 2019








**ആന്റണി പുത്തൻപുരക്കൽ**
ചീഫ് എഡിറ്റർ,
ഓസ്ട്രിയ

# വിശ്വകൈരളിയിലേക്കു സ്വാഗതം!

സ്വരങ്ങളും വ്യഞ്ജനങ്ങളും ഇടചേർന്ന് അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അവിരാമമായ ആ പ്രവാഹത്തിൽ നിന്നും അമൂല്യവും അതുല്യവുമായ അക്ഷരാംഗങ്ങൾ ജനിക്കുന്നു. അക്ഷരം പരബ്രഹ്മമാണ്, പ്രണവമാണ്, മൂലപ്രകൃതിയാണ്. അക്ഷരസമൂഹം ഒന്നുചേർന്നു വാക്കാകുന്നു, കവിതയാകുന്നു, ഗദ്യമാകുന്നു, പദ്യമാകുന്നു. അക്ഷരക്കൂട്ടങ്ങളുടെ നിത്യനൃത്തവേദികയാണു നാം ആരംഭിക്കുന്ന വിശ്വകൈളി. ദേശാന്തരങ്ങളിൽ നിന്നും അഭംഗുരം ഒഴുകിയെത്തുന്ന സ്വരവ്യഞ്ജനങ്ങളുടെ സമജ്ഞസമായ അക്ഷരഭൂമികയാകട്ടെ നമ്മുടെ വിശ്വകൈരളി.

അമ്മയുടെ മടിത്തട്ടിൽ വിരിയുന്ന താരാട്ടിലും സ്നിഗ്ധമാം മുലപ്പാലിലും അലിഞ്ഞുചേർന്നതാണ് മാതൃഭാഷ. മാതൃബന്ധം ജന്മാന്തരങ്ങളിലേക്ക് നീളുന്നതുപോലെ മാതൃഭാഷയും അതിന്റെ സ്വാധീനവും എന്നെന്നും നിലനിൽക്കുന്നതാണ്.

എല്ലാറ്റിന്റെയും ആദിബീജം വളരാൻ ആദ്യാനുവാദവും അവകാശവും ഊർജ്ജവും അമ്മയിൽനിന്നു ലഭിക്കുന്നതുപോലെ അമ്മയുടെ ചുണ്ടിൽ നിന്നും കുഞ്ഞിന്റെ കാതുകളിൽ വീണു, മസ്തിഷ്കത്തെ പ്രചോദിപ്പിച്ചു, ഹൃദയത്തിൽ സംഭരിച്ചു വെച്ചിരിക്കുന്ന അമൃതാണു മാതൃഭാഷ.

മറുനാട്ടിൽ ജനിച്ചുവളരുന്ന നമ്മുടെ കുഞ്ഞോമനകളുടെ ഭാവനയിലും ചിന്തയിലും മിന്നിത്തിളങ്ങുന്ന അക്ഷരസ്പുലിംഗങ്ങളുടെ ദൃശ്യാവതരണത്തിനുള്ള വേദികൂടിയാണു വിശ്വകൈരളി. ഈ വേദിയിലൂടെ നാം എഴുതി വളരണം, വളർന്നു വലിയവരാകണം. മാതൃസ്നേഹവും മാതൃഭാഷ സ്നേഹവും ഒന്നുതന്നെയാണ്. ഏതു ദേശത്തായാലും നാം കൈവശമാക്കുന്ന പ്രാദേശികഭാഷ എത്ര ഉപകാരപ്രദമാണെങ്കിലും മാതൃഭാഷയെ മറക്കാതിരിക്കുക.

വിശ്വകൈരളിയുടെ ഈ ആദ്യ ലക്കം പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി കൂടി സമർപ്പിക്കപ്പെട്ടതാണ്. പരിസ്ഥിതി സംരക്ഷണം, പ്രകൃതി സ്നേഹം എന്നൊക്കെ നാം പതിവായി കേൾക്കുന്ന വാക്കുകൾ നമ്മുടെ വൈയക്തികവും സംഘാതവുമായ പരിച്ഛിന്ന ചിന്തയുടെയും അത്യാർത്തി പൂണ്ട മനുഷ്യമനസ്സിന്റെയും സൃഷ്ടിയാണ്. ജീവിതത്തിൽ മൗലികമായ ലാളിത്യം നഷ്ടപ്പെട്ട മനുഷ്യവംശത്തിനു മാത്രമേ എന്തിനെയെങ്കിലും സൃഷ്ടിക്കുകയോ, നശിപ്പിക്കുകയോ, സംരക്ഷിക്കുകയോ ചെയ്യേണ്ടതുള്ളു. പ്രപഞ്ചത്തിൽ മനുഷ്യനൊഴികെയുള്ള എല്ലാ ജീവജാലങ്ങളും അവയുടെ സ്വാഭാവികവും സത്താപരവുമായ സമഗ്രതയിൽ ജീവിക്കുന്നതുകൊണ്ട് അവയുടെ അസ്തിത്വവും അതിജീവനവും എല്ലാം പൂർണ്ണമായും പ്രകൃതിയുമായി, അല്ലെങ്കിൽ പരിസ്ഥിതിയുമായി തന്മയീഭാവത്തിലാണ്. അതിരുകടന്നതും അപല്ക്കരവുമായ അഹംബോധം സൃഷ്ടിക്കുന്ന വ്യതിരക്തത – വ്യക്തികളോടും മറ്റെല്ലാ ജീവജാലങ്ങളോടും പ്രകൃതിയോടും പോലും – നമുക്കുള്ള ദ്വൈതഭാവമാണ് ഇന്നുള്ള സകല പ്രശ്നങ്ങളുടെയും മൂല ഹേതു.

മാനവരാശി അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട പരമമായ ഒരു സത്യമുണ്ട്: നമ്മൾ ആരും അന്യരല്ല, പരിസ്ഥിതി പോലും. മനസ്സും അഹംബോധവും സൃഷ്ടിക്കുന്ന വ്യതിരക്തത അഥവ ദ്വൈതഭാവം യാഥാർത്ഥ്യമല്ല. അഹംബോധത്തിന്റെ അഭാവമാണ് സ്നേഹം; അതു എത്രത്തോളം കുറയുമോ അത്രത്തോളം നാം നമ്മെയും സമസ്ത ജീവജാലങ്ങളെയും പരിസ്ഥിതിയെയും സ്നേഹിക്കും.

***മാതൃഭാഷയെ സ്നേഹിക്കുന്ന ആഗോള മലയാളി സമൂഹത്തിനു വിശ്വകൈരളിയെ സന്തോഷ പൂർവ്വം സമർപ്പിക്കുന്നു.***

**വിശ്വകൈരളി**

**Published by:** World Malayalee Federation (WMF), Reg. no. ZVR-Zahl: 865685499, Wimbergerstrasse 5, 1070 Vienna, Austria

**Managing Editor:**
Subhash David

**Chief Editor:**
Antony Puthenpurackal

**Editorial Board:**
Jaison Kaliyanil
Sapana Anu B. George
Saranya Jithin
Vidya Gireesh

**Contact:**
wmf.viswakairali@gmail.com



## പ്രിൻസ് പള്ളിക്കുന്നേൽ

ഡബ്ല്യു. എം. എഫ് ഗ്ലോബൽ ചെയർമാൻ,
ഓസ്ട്രിയ

നൂററിപതിനഞ്ചു രാജ്യങ്ങളിൽ സാന്നിദ്ധ്യം ഉറപ്പിച്ചു ലോകത്തെ ഏറ്റവും വലിയ പ്രവാസി മലയാളി സംഘടനയായ വേൾഡ് മലയാളി ഫെഡറേഷൻ (WMF) ബഹുമുഖമായ പ്രവർത്തന മേഖലയിൽ ഇത് വരെ ശ്രദ്ധ പതിപ്പിച്ചു കഴിഞ്ഞു. ജീവകാരുണ്യം, വിദ്യാഭ്യാസം, പാർപ്പിട പദ്ധതികൾ, പ്രകൃതി ദുരന്തങ്ങളിലെ കൈത്താങ്ങ്, കല, കായികം എന്നിവിടങ്ങളിൽ എല്ലാം വേൾഡ് മലയാളി ഫെഡറേഷന് സ്വന്തമായ മുദ്ര പതിപ്പിക്കാൻ സാധിച്ചു. സമൂഹത്തിന്റെ അടിത്തട്ടിൽ ഇറങ്ങി ചെന്ന് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ പദ്ധതി ആസൂത്രണത്തിലാണ് ഇപ്പോൾ വേൾഡ് മലയാളി ഫെഡറേഷൻ

വേൾഡ് മലയാളി ഫെഡറേഷന്റെ ജൈത്രയാത്രയിലെ മറ്റൊരു അതിപ്രധാനമായ നാഴികക്കല്ലാണ് വിശ്വകൈരളി എന്ന പേരിൽ പ്രസിദ്ധീകൃതമാകുന്ന ഇമാഗസിൻ. കേരള സർക്കാരിന്റെ നേതൃത്വത്തിലുള്ള മലയാളം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാനും മലയാളഭാഷ പഠനം വിവിധ രാജ്യങ്ങളിൽ പ്രോത്സാഹിപ്പിക്കുവാനും വെറും മൂന്നു മാസങ്ങൾക്കു മുമ്പു മാത്രമാണ് ഡബ്ല്യു. എം. എഫ് തീരുമാനിച്ചത്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നയിക്കുന്ന ശ്രീമാൻന്മാരായ ജെയ്സണും, ആഫ്രിക്കയിൽ നിന്നുമുള്ള ഹരീഷ് നായർക്കും മറ്റു എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഡബ്ല്യു. എം. എഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയാളം മിഷൻ, ഭാഷ പഠനത്തിനു പല തരത്തിലുള്ള പുതുപുത്തൻ ആശയങ്ങൾ നടപ്പാക്കാൻ പ്രതിഞ്ജബദ്ധമാണ്. അതിൽ ഏറ്റവും സുപ്രധാനമായ ആശയമാണ് ഇമാഗസിന്റെ പ്രകാശനം. ഈ ആശയം സാക്ഷാത്കരിക്കാൻ ശ്രീ ആന്റെണി പുത്തൻപുരയ്ക്കലിനും ആദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള എഡിറ്റോറിയൽ ബോർഡിനും ഡബ്ല്യു. എം.എഫിലെ എല്ലാ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു.

മലയാള ഭാഷ, പ്രത്യേകിച്ചു വിദേശരാജ്യങ്ങളിലുള്ള മുതിർന്നവർക്കും കുട്ടികൾക്കും അതോടൊപ്പം മലയാള ഭാഷ പഠിക്കാൻ ആഗ്രഹിക്കുന്ന വിദേശികൾക്കും ഒരുപോലെ ഉപകരിക്കുന്ന രീതിയിൽ നമ്മുടെ ഡബ്ല്യു. എം. എഫിന്റെ മലയാളം മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നോട്ടു പോകുമെന്നു ആശിക്കുകയും എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു!

ഡബ്ല്യു. എം. എഫ് അംഗങ്ങൾക്കു മാത്രമല്ല, ആഗോള പ്രവാസി മലയാളികൾക്കും അവരുടെ കുട്ടികളടങ്ങുന്ന എല്ലാവർക്കും അവരുടെ എല്ലാത്തരം കലാസൃഷ്ടികളും വെളിച്ചം കാണാനുള്ള ഒരു പൊതു വേദിയാവട്ടെ WMF വിശ്വകൈരളി. പ്രവാസികളിൽ ഒളിഞ്ഞു കിടക്കുന്ന സാഹിത്യവാസനകൾക്ക് പ്രോത്സാഹനവും ധൈര്യവും പകർന്നു നൽകിയാൽ, അവർ നാളത്തെ വലിയ സാഹിത്യകാരന്മാരും സാഹിത്യകാരികളും ആയിത്തീരും.

***വിശ്വകൈരളിക്ക് എല്ലാവിധ ആശംസകളും വിജയങ്ങളും നേരുന്നു!***







## സുഭാഷ് ഡേവിഡ്

ഡബ്ല്യു. എം. എഫ് ഗ്ലോബൽ സെക്രട്ടറി,
ഫ്രാൻസ്

ഡബ്ല്യു. എം. എഫിനെ സംബന്ധിച്ചിടത്തോളം നാഴികക്കല്ലായി മാറിയേക്കാവുന്ന ഒരു പുതിയ സംരംഭത്തിന് നമ്മൾ തുടക്കം കുറിക്കുകയാണ്. അതാണ് നമ്മുടെ ഈ ഓൺലൈൻ പ്രസിദ്ധീകരണം. ഭാവിയിൽ ഡബ്ല്യു. എം. എഫ്.ന്റെ മുഖപത്രം എന്ന നിലയിലേക്ക് ഈ പ്രസിദ്ധീകരണത്തെ വളർത്തുകയെന്നത് നമ്മുടെ ലക്ഷ്യമാണ്. ഇത്തരമൊരു സംരംഭത്തിലേക്ക് നമ്മെ വഴിനയിച്ചതിൽ മലയാളം മിഷന് ചെറുതല്ലാത്ത പങ്കുണ്ട്.

ലോക മലയാളികളിൽ മാതൃഭാഷയുടെ മധുരം നിറയ്ക്കുന്ന ഒരു മഹാപ്രസ്ഥാനമാണ് മലയാളം മിഷൻ. മലയാളം ഇന്നൊരു ശ്രേഷ്ഠഭാഷയാണ്. ആയതിനാൽ മലയാളം, മലയാളിയുള്ളിടത്തെല്ലാം സംസാരിക്കപ്പെടണം എന്ന ലക്ഷ്യത്തോടെയാണ് മലയാളം മിഷൻ പ്രവർത്തിക്കുന്നത്. ഡബ്ല്യു. എം. എഫ്. പ്രസ്ഥാനവും ആ ലക്ഷ്യങ്ങൾക്ക് പ്രാധാന്യം നൽകിയാണല്ലോ പ്രവർത്തിച്ചുവരുന്നത്. ഇതിലൂടെ പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മാതൃഭാഷയും കേരളത്തിന്റെ സംസ്കാരവും പഠിക്കുവാനുള്ള അസുലഭ അവസരമാണ് തെളിയുന്നത്. മലയാളി എന്നതിൽ നമുക്കുള്ള അഭിമാനബോധത്തിലേക്ക് അടുത്ത തലമുറയെക്കൂടെ നാം വഴിനയിക്കേണ്ടതുണ്ട്.

***"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!***
***മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ..."***

മഹാകവി വള്ളത്തോളിന്റെ ഈ വരികൾക്ക് പുതിയ കാലത്ത് വലിയ പ്രാധാന്യമാണുള്ളത്. നമ്മൾ എത്രയൊക്കെ മറ്റൊരു സംസ്കാരത്തിൽ അലിയാൻ ശ്രമിച്ചാലും, നമ്മുടെ സ്വത്വം മലയാളിയുടേതായതിനാൽ നമ്മുടെ വേരുകൾ കൈരളിയുടെ മണ്ണിലാണ്. അടുത്ത തലമുറയിൽ സാംസ്കാരികവും ഭാഷാപരവുമായ ആ വേര് നഷ്ടമാകാതിരിക്കുവാൻ നാം ജാഗരൂകരാകണം. അതിനായാണ് ഡബ്ല്യു.എം.എഫ്. മലയാളം മിഷനുമായി കൈകോർക്കുന്നത്. ഈ വലിയ സംരംഭത്തിന് ഡബ്ല്യു. എം. എഫ്. കുടുംബാംഗങ്ങളുടെ നിസീമമായ സഹകരണം പ്രതീക്ഷിക്കുന്നു.

നമ്മുടെ ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ ആദ്യലക്കത്തിൽ, വളരെ പ്രസക്തമായ ഒരു വിഷയമാണ് പ്രതിപാദിക്കുന്നത്. പരിസ്ഥിതിയുടെ പ്രാധാന്യവും സംരക്ഷണവുമാണ് ആ വിഷയം. ഹരിതാഭമായ ഒരു നാട്ടിൽ ജനിച്ചവരാണ് നമ്മൾ മലയാളികൾ. പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ ശീലിച്ചവരായിരുന്നു നമ്മുടെ പൂർവികർ. എന്തുകൊണ്ടോ നമ്മുടെ തലമുറ അതിൽനിന്നൊക്കെ ഒരുപാട് മാറിപ്പോയി. ഇന്ന് ഒരു മാറ്റം അനിവാര്യമായി വന്നിരിക്കുന്നു.

***"ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-***
***മൃതിയിൽ നിനക്കാത്മശാന്തി!...."***

ഇങ്ങനെ പ്രിയ കവി ഒ എൻ വി പാടിയത്, പരിസ്ഥിതിയോട് മനുഷ്യൻ ചെയ്യുന്ന ക്രൂരത കണ്ടിട്ടാണ്. ഒരു ജൈവ ജീവിത ശൈലിയിലൂടെയേ നമുക്ക് മാറ്റം കൊണ്ടുവരാനാകൂ. അതിന് നാം ബോധവൽക്കരണവും ബദൽ മാർഗങ്ങളും അനുവർത്തിക്കേണ്ടതുണ്ട്. പ്രകൃതി ഒരു അക്ഷയപാത്രമല്ല എന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്. ചൂഷണം ചെയ്യുന്നതെല്ലാം ഒരുനാൾ ഇല്ലാതെയാകും എന്ന തിരിച്ചറിവിൽ ചുറ്റും പച്ചപ്പൊരുക്കുവാൻ നമ്മൾ തയ്യാറാകണം. വികസിത നഗരങ്ങളിൽ ഇപ്പോൾ വനം നിർമ്മിക്കുന്ന രീതി വന്നുകഴിഞ്ഞു. അതിലൂടെ ശുദ്ധവായു സംരക്ഷിക്കാനും ആവാസവ്യവസ്ഥ നിലനിർത്താനും അവിടങ്ങളിൽ കഴിയുന്നുണ്ട്.

ഹരിതാഭമായ പ്രകൃതിയോളം മനോഹരമായ മറ്റൊരു കാഴ്ചയില്ല. മനസ്സിൽ ശുഭചിന്ത നിറയ്ക്കുന്നതിൽപ്പോലും പരിസ്ഥിതിക്ക് വലിയ പങ്കാണുള്ളത്. ശുദ്ധമായ ജല സ്രോതസ്സുകളും നിബിഡമായ വനങ്ങളും വൈവിധ്യംകൊണ്ട് ശ്രദ്ധേയമായ നമ്മുടെ ജൈവസമ്പത്തും നമുക്ക് സംരക്ഷിക്കാം. ജൈവപച്ചക്കറികൾ മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതടക്കമുള്ള മുന്നേറ്റങ്ങൾ നമുക്ക് അനുയോജ്യമായ രീതിയിൽ അനുവർത്തിക്കാം. പ്രകൃതി സുന്ദരമായിരിക്കട്ടെ.

***നാളത്തെ തലമുറയ്ക്കു വേണ്ടി നമുക്ക് ഇന്നേ ഈ പരിസ്ഥിതിയെ സംരക്ഷിച്ചു നിർത്താം...***

# പ്രകൃതി, ദുരന്തം, കാലാവസ്ഥ



**ഡോ. മുരളി തുമ്മാരുകുടി**
സ്വിറ്റ്സർലന്റ്

പണ്ടുണ്ടായിരുന്ന ഒരു നല്ല കാലത്തെ അപേക്ഷിച്ച് കാര്യങ്ങൾ പൊതുവെ മോശമായിക്കൊണ്ടിരിക്കയാണെന്ന് വിശ്വസിക്കാനാണ് ലോകത്ത് മിക്കവാറും ആളുകൾക്ക് ഇഷ്ടം. പണ്ടൊക്കെ വായു ശുദ്ധമായിരുന്നു, ജലം മലിനമായിരുന്നില്ല, ആളുകൾ പരസ്പരം സ്നേഹമായിരുന്നു, കൊല്ലും കൊലയും ഒക്കെ ഇപ്പോഴത്തെ പോലെ ഉണ്ടായിരുന്നില്ല എന്നൊക്കെ.

പക്ഷെ സത്യം പക്ഷെ ഇങ്ങനെ അല്ല. മനുഷ്യർ ഉണ്ടായ കാലം മുതൽ ഇപ്പോൾ വരെ ചിന്തിച്ചാൽ ഏറ്റവും കുറവ് അക്രമം ഉള്ളതും, ഏറ്റവും കൂടുതൽ ആരോഗ്യമുള്ളതും, ഏറ്റവും ഭക്ഷ്യസുരക്ഷ ഉള്ളതും ഒക്കെയായ കാലത്തിലൂടെ ആണ് നാം കടന്നു പോകുന്നത്. കഴിഞ്ഞ നൂറു വർഷത്തിനകം മനുഷ്യകുലത്തിന്റെ ശരാശരി ആയുർദൈർഘ്യം ഏതാണ്ട് ഇരട്ടിയായി. മനുഷ്യർ നായാട്ടും ആയി നടന്ന കാലത്ത് ശരാശരി പത്തിൽ നാലുപേരാണ് അക്രമസംഭവങ്ങളിൽ കൊല്ലപ്പെട്ടിരുന്നത്, ഇപ്പോൾ അത് ശരാശരി ഒരു ലക്ഷത്തിൽ ഒന്നായി. മലിന ജലം ഒഴുകിക്കൊണ്ടിരുന്ന ഇന്ഗ്ലണ്ടിലെ തെംസ് നദിയിൽ ഇപ്പോൾ ഡോൾഫിനുകൾ തത്തിക്കളിക്കുന്നു.

ഈ പറഞ്ഞതിന്റെ ഒക്കെ അർത്ഥം ലോകത്ത് അക്രമം ഇല്ലെന്നോ പട്ടിണി ഇല്ലെന്നോ ഒന്നുമല്ല. ലോകത്ത് ചില രാജ്യങ്ങളിൽ എങ്കിലും കഴിഞ്ഞ നൂറ്റാണ്ടിലും മോശമായിട്ടുണ്ട് ഇപ്പോഴത്തെ ആരോഗ്യവും ഭക്ഷ്യ സുരക്ഷയും ഒക്കെ. പക്ഷെ പൊതുവിൽ നോക്കിയാൽ ശാസ്ത്രവും രാഷ്ട്രീയവും ലോകത്തെ മുന്നോട്ട് തന്നെയാണ് നയിക്കുന്നത്. എവിടെയെങ്കിലും ഒക്കെ കാര്യങ്ങൾ പിന്നോട്ട് പോകുന്നുണ്ടെങ്കിൽ അത് ശരിയാക്കാനുള്ള ശാസ്ത്രീയമായ അറിവും കഴിവും ഇപ്പോൾ മനുഷ്യരാശിക്ക് ഉണ്ട്, പക്ഷെ അതിനുള്ള രാഷ്ട്രീയ സാഹചര്യം പലപ്പോഴും ഉണ്ടാകാറില്ല. ആഗോള തലത്തിലും ഇതൊരു വലിയ വെല്ലുവിളിയാണ്. ഇതിൽ ഏറ്റവും വലിയ വെല്ലുവിളി കാലാവസ്ഥ വ്യതിയാനം തന്നെയാണ്.

കാലാവസ്ഥ വ്യതിയാനം ഭാവിയിൽ എപ്പോഴോ സംഭവിക്കാൻ പോകുന്ന ഒന്നാണെന്നും, അടുത്ത തലമുറയെ ആണ് അത് ബാധിക്കുന്നതെന്നും ലോകത്ത് മറ്റു സ്ഥലങ്ങൾ ആണ് കൂടുതൽ കുഴപ്പത്തിലാകാൻ പോകുന്നതെന്നും ഒക്കെയാണ് ഒരു ശരാശരി മലയാളിയുടെ അറിവ്. കാലാവസ്ഥ വ്യതിയാനം ഉണ്ടാക്കിയത് വികസിത രാജ്യങ്ങൾ ആണ്, അതുകൊണ്ടു തന്നെ അത് കുറച്ചുകൊണ്ട് വരേണ്ടതിന്റെ ഉത്തരവാദിത്തവും അവർക്ക് തന്നെയാണ് എന്നാണ് അഭ്യസ്തവിദ്യരുടെ ഉൾപ്പടെ ചിന്ത. ഇത് മാറിയേ പറ്റൂ.

കാലാവസ്ഥ മാറുന്നതിന്റെ ശക്തമായ ലക്ഷണങ്ങൾ ഇപ്പോഴേ ലോകത്തുണ്ട്. കരയിലെ ചൂട്, കടലിലെ ചൂട്, ഗ്ലാസിർസ് ഉരുകുന്നത്, കൊടുങ്കാറ്റുകൾ കൂടുതൽ ശക്തിമത്താകുന്നത് ഇതൊക്കെ ഇപ്പോഴേ പ്രകടമാണ്. കേരളത്തിലും ഇതിന്റെ പല പ്രതിഫലനങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ട്, മഴക്കാലം കുറയുന്നു, മഴയില്ലാത്ത ദിവസങ്ങളുടെ എണ്ണം കൂടുന്നു, മുൻപ് കേട്ടിട്ടില്ലാത്ത പോലെ ഹീറ്റ് സ്ട്രോക്ക് ഉണ്ടാകുന്നു, പരിചയമില്ലാത്ത അസുഖങ്ങൾ (ചിക്കൻ ഗുനിയ) ഉണ്ടാകുന്നു.

കാലാവസ്ഥാവ്യതിയാനത്തിന്റെ കാരണം ഫോസിൽ ഇന്ധനങ്ങളുടെ വർദ്ധിച്ച ഉപയോഗം ആണെന്നും അത് തന്നെ വികസിതരാജ്യങ്ങളാണ് വൻ തോതിൽ ഉപയോഗിച്ചു തീർത്തതെന്നും രണ്ടഭിപ്രായമില്ല. ചരിത്രപരമായി വളരെ കുറച്ച് സംഭാവനയേ ഹരിതവാതകങ്ങളുടെ കാര്യത്തിൽ ഇന്ത്യ നൽകിയിട്ടുള്ളൂ. ഇപ്പോൾ പോലും അമേരിക്കയുടെ പ്രതിശീർഷ ഹരിതവാതക ഉല്പാദനത്തിന്റെ അഞ്ചിലൊന്നേ നമ്മൾ ഉണ്ടാക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ ഹരിത വാതകങ്ങൾ കുറയ്ക്കുന്ന കാര്യത്തിൽ വികസിതരാജ്യങ്ങൾ മുൻകൈ എടുക്കണമെന്നും ഇന്ത്യക്ക് വികസിക്കാൻ സമയം വേണമെന്നുമാണ് ഇന്ത്യയുടെ ഔദ്യോഗിക ലൈൻ. പക്ഷെ ആഗോളതാപനം കുറക്കാൻ വേണ്ടി ഹരിതവാതകങ്ങൾ ബഹിർഗമിക്കുന്നത് നിയന്ത്രിക്കുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെങ്കിലും ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ലോകത്തെല്ലായിടത്തും ഉണ്ടാകും, അതിനെ നേരിടാൻ നമ്മുടെ ഓരോ ഗ്രാമവും നഗരവും സംസ്ഥാനവും രാജ്യവും തയ്യാറെടുക്കണം.

> **കാലാവസ്ഥ മാറുന്നതിന്റെ ശക്തമായ ലക്ഷണങ്ങൾ ഇപ്പോഴേ ലോകത്തുണ്ട്. കരയിലെ ചൂട്, കടലിലെ ചൂട്, ഹിമാനികൾ ഉരുകുന്നത്, കൊടുങ്കാറ്റുകൾ കൂടുതൽ ശക്തിമത്താകുന്നത് ഇതൊക്കെ ഇപ്പോഴേ പ്രകടമാണ്**

ആഗോളതാപനത്തിന്റെ ഇപ്പോൾ ലോകത്ത് കണ്ടു തുടങ്ങിയിട്ടുള്ളതും അത് കൊണ്ട് തന്നെ തർക്കമില്ലാത്ത ഒരു പ്രത്യാഘാതം മഴയുടെ സാന്ദ്രത കൂടുന്നതാണ്. കേരളത്തിലെ പല നഗരങ്ങളിലും മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് ഇനിയൊരു പതിവാകും. എന്നാൽ അവിടെയും നിൽക്കില്ല കാര്യങ്ങൾ. പതിവില്ലാത്ത വലിയ മഴയുണ്ടാകും, ആയിരത്തി തൊള്ളായിരത്തി ഇരുപത്തി നാലിന് ശേഷം രണ്ടായിരത്തി പതിനെട്ടിൽ ആണ് കേരളത്തിൽ വലിയ വെള്ളപ്പൊക്കം ഉണ്ടായത്, അതായത് തൊണ്ണൂറ്റി നാല് വർഷങ്ങൾക്ക് ശേഷം. പക്ഷെ ഇനി വലിയൊരു വെള്ളപ്പൊക്കം ഉണ്ടാകാൻ അത്രയും നാൾ വേണ്ടി വരില്ല. കാറ്റിന്റെ കാര്യവും അങ്ങനെ ആണ്. തൊള്ളായിരത്തി നാൽപത്തി രണ്ടിന് ശേഷം രണ്ടായിരത്തി പതിനേഴിൽ ആണ് കേരളത്തിൽ വലിയ കൊടുങ്കാറ്റ് ഉണ്ടായത്. ഇനി കാറ്റിന്റെ വേഗത കൂടും, കൂടുതൽ പതിവായി കേരള തീരത്ത് ചുഴലികൾ എത്തും. കാറ്റും മഴയും മാത്രമല്ല നമുക്ക് പരിചയമില്ലാത്ത വരൾച്ച നേരിടാനും നാം തയ്യാറാകണം. കേപ് ടൗണിലെയും ചെന്നൈയിലെയും വരൾച്ച നമുക്ക് ഒരു മുന്നറിയിപ്പാണ്. മഴയും കാറ്റും വരുമെന്ന മുന്നറിയിപ്പുകൾ നാം അവഗണിച്ചു, അതിന്റെ ഫലവും അനുഭവിച്ചു.

കാലാവസ്ഥാവ്യതിയാനം പാരിസ്ഥിതിക പ്രശ്നങ്ങൾ മാത്രമല്ല സാമൂഹ്യപ്രശ്നങ്ങളും ഉണ്ടാക്കും. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതമായി ലോകത്ത് ഏറെ ആളുകൾ സ്വന്തം നാട് വിടേണ്ടി വരും. ഇവരെ കാലാവസ്ഥാ കുടിയേറ്റക്കാർ അല്ലെങ്കിൽ കാലാവസ്ഥ അഭയാർത്ഥികൾ എന്നാണ് പറയുന്നത് (climate migrants, climate refugees). കേരളത്തിൽ ഇവർ രണ്ടുതരത്തിലുണ്ടാകും. ഒന്നാമത് കേരളത്തിൽ ഇപ്പോൾ കാണുന്ന മറുനാടൻ തൊഴിലാളികളിൽ ഏറെയും കാലാവസ്ഥ വ്യതിയാനം ഉണ്ടാക്കുന്ന ദുരന്തങ്ങൾ (വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ) ഉള്ള പ്രദേശങ്ങളിൽ നിന്നും വരുന്നവർ ആണെന്നാണ് Center for Migration and Inclusive Development നടത്തിയ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. അപ്പോൾ മാറുന്ന കാലാവസ്ഥ കേരളത്തിലേക്കുള്ള തൊഴിലാളികളുടെ വരവ് കൂട്ടും, തിരിച്ചു പോക്ക് കുറക്കുകയും ചെയ്യും, അതേ സമയം ലോകം ഫോസിൽ ഫ്യൂവലിൽനിന്നും റിന്യൂവബിൾ ഊർജ്ജത്തിലേക്ക് മാറ്റുന്നതോടെ ഇപ്പോൾ എണ്ണയുൽപ്പാദനത്തിലൂടെ നിലനിൽക്കുന്ന ഗൾഫ് രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥക്ക് കോട്ടം തട്ടും. ലക്ഷക്കണക്കിന് മലയാളികളുടെ തൊഴിലിനെ അത് ബാധിക്കും. വലിയ തിരിച്ചുവരവ് ഉണ്ടാകും. ഇത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെയും സമൂഹത്തെയും സമ്മർദ്ദത്തിലാഴ്ത്തും.

കാലാവസ്ഥ വ്യതിയാനം എന്ത് മാറ്റങ്ങൾ ആണ് ഉണ്ടാക്കാൻ പോകുന്നതെന്ന് ലോകത്തിൽ എല്ലാവരും പഠിച്ചേ മതിയാകൂ. കാലാവസ്ഥ വ്യതിയാനത്തോട് രാഷ്ട്രീയമായി കലഹിച്ചിട്ട് കാര്യമില്ല. ഇതിന്റെ ഉത്തരവാദികൾ വികസിത രാജ്യങ്ങൾ ആണെന്ന് പറഞ്ഞിട്ടും കാര്യമില്ല. വെള്ളം കയറുന്നത് നമ്മുടെ വീട്ടിൽ ആണ്, വെള്ളം കുടി മുട്ടുന്നതും നമുക്കാണ്. അതുകൊണ്ടു തന്നെ മാറുന്ന കാലാവസ്ഥയോട് അനുസരിച്ചു ജീവിക്കാൻ നാം പഠിച്ചേ പറ്റൂ.

**പ്രകൃതി ദുരന്തങ്ങൾ:** ഒരു ഇരുപത് വർഷം മുൻപ് വല്ലപ്പോഴും ഒക്കെ മാത്രം

### കാലാവസ്ഥ വ്യതിയാനത്തിന്റെ സൂചനകൾ

- ആർട്ടിക്കിലെ മഞ്ഞുറഞ്ഞു കിടക്കുന്ന സ്ഥലത്തിന്റെ വിസ്താരം കുറഞ്ഞു വരുന്നു
- സമുദ്രത്തിലെ ജലത്തിന്റെ താപനില കൂടി വരുന്നു
- കരയിലെ താപനില കൂടി വരുന്നു
- അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവ് കൂടുന്നു
- സമുദ്രോപരിതലത്തിലെ വായുവിന്റെ ചൂട് കൂടി വരുന്നു
- സമുദ്രത്തിലെ ജലത്തിന്റെ നിരപ്പ് കൂടി വരുന്നു

കേട്ടുകൊണ്ടിരുന്ന ഒന്നായിരുന്നു പ്രകൃതി ദുരന്തങ്ങളുടെ കഥ. ഇപ്പോൾ പക്ഷെ ഇതൊരു പതിവായി. ചെറിയ ദുരന്തങ്ങളുടെ കഥകൾ നാം എപ്പോഴും കേട്ടുകൊണ്ടിരുന്നു, വൻ ദുരന്തങ്ങൾ വർഷത്തിൽ ഒന്നെങ്കിലും ഉണ്ട്. ലോകത്തിന് എന്താണ് സംഭവിക്കുന്നത്? വാസ്തവത്തിൽ കൂടുതൽ ദുരന്തങ്ങൾ ഉണ്ടാകുന്നുണ്ടോ? അതോ മാധ്യമങ്ങളുടെ വളർച്ച കാരണം ലോകത്തെവിടെ സംഭവിക്കുന്നതും നാം അറിയുന്നതാണോ കാരണം?.

ഈ ചോദ്യത്തിന്റെ ഉത്തരം മനസ്സിലാക്കണമെങ്കിൽ എന്താണ് ദുരന്തം എന്ന വാക്കിന്റെ നിർവ്വചനം എന്ന് നാം അറിയണം. ഒരു പ്രദേശത്ത് ഉള്ള വിഭവങ്ങൾ കൊണ്ടും സംവിധാനങ്ങൾ കൊണ്ടും നേരിടാൻ കഴിയാത്ത വിലപ്പെട്ട എന്തിനെങ്കിലും (ജീവൻ ഉൾപ്പടെ) നാശം ഉണ്ടാക്കുന്ന അപകടങ്ങളെ ആണ് ദുരന്തങ്ങൾ എന്ന് പറയുന്നത്. ദുരന്തം ഉണ്ടാകണമെങ്കിൽ മൂന്നു കാര്യങ്ങൾ ഒരുമിച്ചു വരണം. ഒന്നാമത് അപകടം ഉണ്ടാക്കുന്ന ഒരു സംഭവം, രണ്ടാമത്തേത് അപകടത്തിൽ പെടുന്ന വിലപ്പെട്ട എന്തെങ്കിലും ആ പ്രദേശത്ത് ഉണ്ടാകണം, മൂന്നാമത് ആ അപകടത്തിൽ നിന്നും വിലപ്പെട്ട വസ്തുവിനെ രക്ഷിച്ചെടുക്കാൻ പറ്റുന്ന സംവിധാനങ്ങളുടെ അഭാവം ഉണ്ടായിരിക്കണം. ഇതിൽ അപകട സാധ്യതകൾ പലതുണ്ട്. ഭൂമിയുടെ ഘടനയും ആയി ബന്ധപ്പെട്ട ഭൂമി കുലുക്കം, അതുണ്ടാക്കുന്ന സുനാമി, മണ്ണിടിച്ചിൽ, അഗ്നി പർവ്വതം, ഇതൊക്കെയാണ് ഒരു തരം ദുരന്ത സാദ്ധ്യതകൾ. കാലാവസ്ഥയും ആയി ബന്ധപ്പെട്ട മഴ, മഴയില്ലായ്മ, കാറ്റ്, അതിശൈത്യം, അത്യുഷ്ണം ഇതൊക്കെയാണ് രണ്ടാമത്തെ സാധ്യതകൾ. ആരോഗ്യരംഗവും ആയി ബന്ധപ്പെട്ട രോഗങ്ങൾ മൂന്നാമത് ഒരു വകുപ്പിൽ പെടുന്നു. ഇതിന് പുറമെ മനുഷ്യൻ ഉണ്ടാക്കുന്ന, റോഡപകടം മുതൽ ഫാക്ടറിയിലെ പൊട്ടിത്തെറി വരെ ഉള്ളവ വേറെയും ഉണ്ട്.

> കേരളത്തിന്റെ വികസനത്തെ ഇപ്പോൾ മുരടിപ്പിക്കുന്നതിന്റെ ഒന്നാമത്തെ കാരണം നമ്മുടെ സ്ഥല വിനിയോഗത്തിലുള്ള നിയന്ത്രണം ഇല്ലായ്മയാണ്. ഇതിന്റെ ഫലമായി നമ്മുടെ ഭൂമിയെ തുണ്ടുതുണ്ടാക്കി അത് വിറ്റും വാങ്ങിയും നമ്മുടെ പണം മുഴുവൻ നാം ഭൂമിയിൽ നിക്ഷേപിച്ചിരിക്കുകയാണ് ”

ഈ പലവിധ സാധ്യതകളിൽ ഭൂമിയുടെ ഘടനയും ആയി ബന്ധപ്പെട്ട അപകട സാധ്യതകൾ, അതായത് ഭൂമികുലുക്കവും അഗ്നിപർവ്വതം പൊട്ടിത്തെറിക്കലും ഒന്നും ഒരു നൂറ്റാണ്ടിൽ നിന്നും മറ്റൊരു നൂറ്റാണ്ടിലേക്ക് വർദ്ധന ഉണ്ടാകുന്ന ഒന്നല്ല. അതേ സമയം കാലാവസ്ഥയും ആയി ബന്ധപ്പെട്ട ദുരന്തങ്ങൾ കഴിഞ്ഞ പതിറ്റാണ്ടുകളിൽ കൂടി വരികയാണ്. മനുഷ്യ നിർമ്മിതമായ അപകടങ്ങൾ ആകട്ടെ വർഷം തോറും കൂടിക്കൂടി വരികയാണ്. ഓരോ വർഷവും കൂടുതൽ കൂടുതൽ ദുരന്തങ്ങൾ ഉണ്ടാകാനുള്ള ഒരു കാരണം ഇത് തന്നെയാണ്. അതേ സമയം ഭൂകമ്പങ്ങളുടേയും സുനാമികളുടേയും എണ്ണം കൂടുന്നില്ലെങ്കിലും അവയും കൂടുതൽ ദുരന്തങ്ങൾ ഉണ്ടാക്കുന്നുണ്ട്. കാരണം ഓരോ വർഷവും ലോകത്ത് ജനസംഖ്യ കൂടി വരുന്നു, പൊതുവിൽ അവരുടെ സമ്പത്ത് കൂടി വരുന്നു, അതേ സമയം തന്നെ ലോകത്തിലെവിടെയും സാമ്പത്തികമായി പിന്നോക്കമായി നിൽക്കുന്ന ആളുകൾ കൂടുതൽ ദുരന്ത സാധ്യത ഉള്ള പ്രദേശങ്ങളിൽ വീടുവെക്കാൻ നിർബന്ധിതരാകുന്നു. ഇതിനൊക്കെ പുറമെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിൽ ദുരന്ത ലഘൂകരണ സംവിധാനങ്ങളും ദുരന്തത്തിന് ശേഷം ഉള്ള സംവിധാനങ്ങളും വേണ്ടത്ര മെച്ചപ്പെടാത്തതിനാൽ അവിടെ അപകട സാധ്യത കൂടുന്നു. ഇതുകൊണ്ടൊക്കെ തന്നെ ഓരോ വർഷവും ലോകത്ത് ദുരന്ത സാധ്യതകൾ കൂടുക തന്നെയാണ്.

ലോകത്ത് ദുരന്തങ്ങൾ കൂടുന്നു എന്നത് ശാസ്ത്രസമൂഹം മാത്രമല്ല, രാഷ്ട്രീയനേതൃത്വവും മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ ആഗോളമായ കൂട്ടായ പരിശ്രമം രണ്ടുപതിറ്റാണ്ടു മുൻപു തന്നെ തുടങ്ങിക്കഴിഞ്ഞു. ഐക്യരാഷ്ട്രസംഘടനയുടെ കീഴിൽ International Strategy for Disaster Reduction 2001 ൽ സ്ഥാപിതമായി. 2005 ൽ ഹ്യോഗോ ഫ്രെയിംവർക്ക് ഫോർ ആക്ഷൻ ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ലോകരാഷ്ട്രങ്ങൾ അംഗീകരിച്ചു. ദുരന്തങ്ങൾക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനങ്ങൾ, ദുരന്തം ഉണ്ടായാൽ അത് നേരിടാനുള്ള സംവിധാനങ്ങൾ ഇതിനെല്ലാം പുതിയ നിയമങ്ങളും സ്ഥാപനങ്ങളും ഉണ്ടാക്കാൻ ഹ്യോഗോ ഫ്രെയിംവർക്ക് ഫോർ ആക്ഷൻ ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (HFA) സഹായകമായി. 2004 ലെ സുനാമിയുടെയും ദുരന്തലഘൂകരണ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യം ലോകത്തെ ബോധവൽക്കരിച്ചതിന്റെയും പരിണിതഫലമായി 2015 ൽ ജപ്പാനിലെ സെൻഡായിൽ പുതിയ നയരേഖ, സെൻഡായി ഫ്രെയിംവർക്ക് ഫോർ ആക്ഷൻ ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ഉണ്ടാക്കിയപ്പോഴേക്കും ലോകത്ത് അനവധി രാജ്യങ്ങളിൽ ദുരന്തനിവാരണത്തിന് പുതിയ നിയമവും വകുപ്പുകളും ചിലയിടത്ത് മന്ത്രാലയങ്ങൾ തന്നെ ഉണ്ടായി. ദുരന്തനിവാരണ രംഗത്ത് ഇനിയുള്ള ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം അടിസ്ഥാനപരമായി അപകടസാധ്യത കുറക്കുക എന്നതാണ്. ഇതത്ര എളുപ്പമുള്ള പണിയല്ല. പക്ഷെ അതുചെയ്യാതെ ദുരന്തസാധ്യതകൾ കാലക്രമേണ കുറച്ചുകൊണ്ടുവരാൻ പറ്റില്ല.

## കാലാവസ്ഥ വ്യതിയാനം ഉണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങൾ

- **കൊടുങ്കാറ്റുകൾ മുമ്പത്തേക്കാൾ കൂടുതൽ പതിവായും കൂടുതൽ ശക്തിയോടേയും വരും**
- **മഴയുടെ സാന്ദ്രത കൂടുന്നതോടെ പ്രളയങ്ങൾ കൂടുതൽ ഉണ്ടാകും**
- **മഴയുള്ള ദിവസങ്ങൾ തമ്മിലുള്ള അകലം കൂടുമ്പോൾ വരൾച്ച കൂടുതൽ ഉണ്ടാകും**
- **അന്തരീക്ഷത്തിലെ ചൂട് കൂടുന്നതോടെ കാട്ടുതീ കൂടുതൽ ആയി ഉണ്ടാകും**
- **നഗരത്തിന് ചുറ്റുമുള്ള ചെറുവനങ്ങളിൽ ഉൾപ്പടെ പ്രളയവും വരൾച്ചയും ഒക്കെ താമസിക്കുന്ന പ്രദേശം വിട്ട് നഗരങ്ങളിലേക്കോ മറ്റു രാജ്യങ്ങളിലേക്കോ ചേക്കേറാൻ ആളുകളെ പ്രേരിപ്പിക്കും**
- **വൻതോതിൽ ഉള്ള കുടിയേറ്റം യുദ്ധങ്ങൾ വരെ ഉണ്ടാക്കാം**





> പ്രകൃതി ദുരന്തങ്ങൾ എന്നൊന്നില്ല മറിച്ച് പ്രകൃതിയെ അറിയാതുള്ള മനുഷ്യന്റെ ഇടപെടലുകൾ ആണ് ദുരന്തങ്ങൾ ഉണ്ടാക്കുന്നത് എന്നാണ് പുതിയ ശാസ്ത്രം ”

പ്രകൃതി ദുരന്തങ്ങൾ എന്നൊന്നില്ല മറിച്ച് പ്രകൃതിയെ അറിയാതുള്ള മനുഷ്യന്റെ ഇടപെടലുകൾ ആണ് ദുരന്തങ്ങൾ ഉണ്ടാക്കുന്നത് എന്നാണ് പുതിയ ശാസ്ത്രം. ഭൂകമ്പ സാധ്യത കണക്കിലെടുക്കാതെ കെട്ടിടങ്ങൾ ഡിസൈൻ ചെയ്യുമ്പോൾ, സുനാമി സാധ്യത അറിയാതെ കടലോരത്ത് റിസോർട്ടുകൾ പണിയുമ്പോൾ ഒക്കെ നമ്മൾ ദുരന്ത സാധ്യത കെട്ടിപ്പൊക്കുകയാണ്. ലോകത്ത് ദുരന്തങ്ങളുടെ എണ്ണവും നാശവും കൂടാനുള്ള പ്രധാന കാരണം പ്രകൃതി ദുരന്ത സാധ്യത ഉള്ള പ്രദേശങ്ങളിൽ കൂടുതൽ ആളുകൾ താമസിക്കുന്നു, മറ്റു വികസന കാര്യങ്ങൾ ചെയ്യുന്നു എന്നത് തന്നെയാണ്. അതേ സമയം തന്നെ പ്രകൃതി നശീകരണം പുതിയ ദുരന്ത സാധ്യതകൾ ഉണ്ടാക്കുന്നു. മരം വെട്ടി വെടിപ്പാക്കിയ മലംചെരുവുകൾ മണ്ണിടിച്ചിലിന് പറ്റിയ സാഹചര്യം ഉണ്ടാക്കുന്നു. കണ്ടൽക്കാടുകൾ വെട്ടി വെളുപ്പിച്ച കടൽ തീരത്ത് ചുഴലിക്കാറ്റിൽ കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നു, തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തിയുണ്ടാക്കുന്ന വീടുകളിൽ മഴക്കാലത്ത് വെള്ളം കയറുന്നു. ഇതൊക്കെ പ്രകൃതി ദുരന്തമാണോ ?. ഈ ദുരന്തങ്ങളെ പ്രതിരോധിക്കാൻ പ്രകൃതിയെ സംരക്ഷിക്കുക എന്നതാണ് ചെയ്യേണ്ട കാര്യം. ഇതിന് പല മാർഗ്ഗങ്ങൾ ഉണ്ട്.

**പ്രകൃതിയോടൊത്ത് നിർമ്മിക്കുക:** (Building with Nature) കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൂടുതൽ കാണാൻ പോകുന്നത് നമ്മുടെ കടൽത്തീരത്തും മലകളിലും ആണ്. കടലാക്രമണം വർധിക്കും, ജലനിരപ്പ് ഉയരും, വലിയ മഴയും ഉരുൾപൊട്ടലും സർവസാധാരണമാകും. ഇപ്പോഴത്തെ പോലെ കടൽഭിത്തി കെട്ടി സംരക്ഷിക്കുക എന്നത് സമൂഹത്തിന് താങ്ങാൻ പറ്റാതെ വരും. പ്രകൃതിയോടൊത്ത് പ്രകൃതിയെ അറിഞ്ഞ് പ്രകൃതിയുടെ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക എന്ന പുതിയ രീതിയാണ് കാലാവസ്ഥാവ്യതിയാനം കൊണ്ട് ഏറെ ബുദ്ധിമുട്ടാൻ പോകുന്ന രാജ്യങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഈ മേഖലയിലെ സാങ്കേതികവിദ്യയിൽ മുന്നിട്ടുനിൽക്കുന്നത് നെതർലാൻഡ് ആണ്. അവർ അമേരിക്കയിലും വിയറ്റ്നാമിലും ഇന്തോനേഷ്യയിലും ഉൾപ്പെടെ ധാരാളം രാജ്യങ്ങളിൽ ഇത് പ്രചരിപ്പിക്കുന്നുമുണ്ട്. കേരളത്തിൽ ഇതിന്റെ സാദ്ധ്യതകൾ പഠിക്കാനും ഇതിനുള്ള സാങ്കേതികവിദ്യ സ്വായത്തമാക്കണം. നമ്മുടെ



> കടലിനെ മതിൽ കെട്ടി തടഞ്ഞു നിറുത്തി അതിന്റെ പുറകിലാണ് മനുഷ്യൻ നഗരങ്ങളും വികസനവും ഉണ്ടാക്കിയത്. കാലാവസ്ഥാവ്യതിയാനത്തിന്റെ പുതിയ ലോകത്ത് വെള്ളത്തെ തടഞ്ഞുനിർത്താൻ ഇന്നത്തെ മതിലുകൾ പോരാതെവരും

എഞ്ചിനീയർമാരെ പഴഞ്ചൻ കോൺക്രീറ്റിൽ നിന്നും മോചിപ്പിക്കുകയും വേണം.

**ജലത്തിന് വികസിക്കാൻ സ്ഥലം കൊടുക്കുക:** (Making Space for Water) ലോകത്ത് എല്ലായിടത്തും തന്നെ നഗരങ്ങൾ ഉണ്ടായത് കടൽത്തീരത്തോ, നദിയുടെ തീരത്തോ ആണ്. മനുഷ്യന്റെ ആവശ്യത്തിനു വേണ്ടി നദിയെ ഭിത്തികൾക്കുള്ളിൽ ഒതുക്കി, കടലിനെ മതിൽ കെട്ടി തടഞ്ഞു നിറുത്തി അതിന്റെ പുറകിലാണ് മനുഷ്യൻ നഗരങ്ങളും വികസനവും ഉണ്ടാക്കിയത്. കാലാവസ്ഥാവ്യതിയാനത്തിന്റെ പുതിയ ലോകത്ത് വെള്ളത്തെ തടഞ്ഞുനിർത്താൻ ഇന്നത്തെ മതിലുകൾ പോരാതെവരും. ഇത് പതുക്കെ നമുക്ക് വേണമെങ്കിൽ ഉയർത്തിക്കൊണ്ടുവരാം. പ്രകൃതിയോടുള്ള ഈ മത്സരത്തിൽ മനുഷ്യൻ തോൽക്കുകയെ ഉള്ളു, സംശയമില്ല. അതിനാൽ വർഷത്തിലൊരിക്കലോ പല വർഷങ്ങളിലൊരിക്കലോ വർദ്ധിച്ചുവരുന്ന വെള്ളത്തിന് കയറിക്കിടക്കാൻ കുറച്ച് സ്ഥലം ബാക്കിവെക്കുക എന്ന തന്ത്രമാണ് ലോകം പുതിയതായി ആസൂത്രണം ചെയ്യുന്നത്. നഗരത്തിനു മുൻപ് നദിക്ക് വികസിക്കാൻ തണ്ണീർത്തടങ്ങൾ ബാക്കിവെക്കുക, നഗരത്തിനടുത്ത് നദിക്കരയിൽ പാർക്കുകളും ഫുട്ബോൾ ഗ്രൗണ്ടും നടപ്പാതകളും ഒരുക്കി ജനങ്ങളെ അല്പം പിന്നിലേക്ക് മാറ്റുക എന്നതൊക്കെയാണ് പുതിയ രീതി. ഒന്നോരണ്ടോ ദിവസമോ കൂടിയാൽ ഒരാഴ്ചയോ കിടന്നിട്ട് വെള്ളം അതിന്റെ വഴിക്ക് പോകും. കയറിയ വെള്ളം ഈ സമയംകൊണ്ട് ഭൂഗർഭജലത്തെ ഉയർത്തും, കരയിലെ ഫലഭൂയിഷ്ഠത കൂടും. വെള്ളത്തിന് കയറിക്കിടക്കാൻ ഇടം നൽകുന്ന വികസനമേ നിലനിൽക്കുകയുള്ളൂ. നമ്മുടെ മുഖ്യമന്ത്രി ഈ വർഷം മെയ് മാസത്തിൽ യൂറോപ്പിലെത്തിയത് ഇത്തരം കാര്യങ്ങൾ പഠിക്കാനാണ്.

**ഹരിതമായ നിർമ്മാണം:** കെട്ടിടങ്ങളുടെ നിർമ്മാണവും ഉപയോഗവും ആണ് ഹരിതവാതകങ്ങൾ ഉണ്ടാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നത്. കേരളത്തിൽ ആകട്ടെ കെട്ടിട നിർമ്മാണം ഒരു ആഘോഷം ആണ്. ഇതിൽത്തന്നെ ലക്ഷക്കണക്കിന് കെട്ടിടങ്ങൾ വെറുതെ ഉണ്ടാക്കിയിട്ടിരിക്കുകയാണ്. നിർമ്മാണരംഗത്ത് ഡഗ ഉൾപ്പെടെയുള്ള രാജ്യങ്ങൾ കൊണ്ടുവന്നിട്ടുള്ള sustainable construction മാതൃകകൾ കേരളം സ്വീകരിക്കേണ്ടതാണെന്നായിരുന്നു എന്റെ നിർദ്ദേശം.

സൗരോർജ്ജത്തിന്റെ ഉപയോഗം: പെട്രോളിന്റെയും കരിയുടെയും കാലം കഴിഞ്ഞുവെന്നും സോളാർ ഉൾപ്പെടെയുള്ള രംഗത്താണ് ഊർജ്ജമേഖലയുടെയും സുരക്ഷയുടെയും ഭാവി കിടക്കുന്നതെന്നും ആയിരുന്നു അടുത്ത പോയിന്റ്. മുന്നൂറ്റി അറുപത്തിയഞ്ച് ദിവസവും സൂര്യപ്രകാശമുള്ള കേരളത്തിൽ എല്ലായിടത്തും വ്യാപിച്ചുകിടക്കുന്ന ജനസംഖ്യയുള്ള നാട്ടിൽ സൗരോർജ്ജ ഉൽപ്പാദനത്തിന് വലിയ സാധ്യതകളുണ്ട്. പോരാത്തതിന് ഈ വിഷയത്തിലെ എഞ്ചിനീയറിംഗ്, ടെക്നിഷ്യൻ മാനുഫാക്ച്ചെറിംഗ് രംഗത്തെല്ലാം കേരളത്തിന് മുൻകൈ നേടാൻ കഴിയും. ഫ്രാൻസിൽ പുതുതായി ഉണ്ടാക്കുന്ന ഓരോ കെട്ടിടത്തിനും സോളാർ റൂഫ് നിയമം മൂലം നിർബന്ധമാക്കുന്നത് പോലെ കേരളത്തിലും പുതിയതും പഴയതുമായ സർക്കാർ സ്വകാര്യ കെട്ടിടങ്ങളിൽ സോളാർ കൊണ്ടുവരുന്നതിന് നിയമവും പ്രോത്സാഹനവും വേണം.

കേരളത്തിന്റെ വികസനത്തെ ഇപ്പോൾ മുരടിപ്പിക്കുന്നതിന്റെ ഒന്നാമത്തെ കാരണം നമ്മുടെ സ്ഥലവിനിയോഗത്തിലുള്ള നിയന്ത്രണം ഇല്ലായ്മയാണ്. ഇതിന്റെ ഫലമായി നമ്മുടെ ഭൂമിയെ തുണ്ടുതുണ്ടാക്കി അത് വിറ്റും വാങ്ങിയും നമ്മുടെ പണം മുഴുവൻ നാം ഭൂമിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. കേരളത്തിന് ഭൂമിയുടെ കുറവുണ്ട് എന്ന മിഥ്യാധാരണ എങ്ങനെയോ വന്നുപെടുകയും ചെയ്തിരിക്കുന്നു. വാസ്തവത്തിൽ സ്ഥിതി മറിച്ചാണ്. കൃഷിക്കാണെങ്കിലും വീട് വെക്കാനാണെങ്കിലും നമുക്ക് ഇരുപത് വർഷത്തേക്ക് കുറച്ച് ഭൂമി മതി. ഒരു പതിറ്റാണ്ടിൽ ഇരുപത്തിയഞ്ചു ശതമാനം എന്ന കണക്കിലാണ് കേരളത്തിൽ നഗരവൽക്കരണം. ഇപ്പോൾത്തന്നെ കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലേറെ നഗരത്തിലാണ്. അവിടെ വീടുകൾക്ക് പകരം നഗരംമുകളിലേക്ക് വളരുന്നു,ഭൂമിയുടെ ആവശ്യം കുറയുന്നു. ഭൂമിയും വീടും ഊഹക്കച്ചവട വസ്തുവാകുന്നതു കൊണ്ടു മാത്രമാണ് കേരളത്തിൽ ഭൂമിക്കും വീടിനും വിലയുള്ളത്. ഈ നീരാളിപ്പിടുത്തത്തെ മാറ്റിമറിക്കാനുള്ള അവസരമാണ് കാലാവസ്ഥാവ്യതിയാനം. രണ്ടായിരത്തി അൻപത് ആകുമ്പോഴേക്കും നമ്മുടെ ജനംബഹുഭൂരിപക്ഷവും നഗരത്തിലെത്തും, ഇന്നത്തേതിലും വളരെ കുറച്ച് ഭൂമി മതി അന്ന് നമുക്ക് താമസിക്കാനും കൃഷി ചെയ്യാനും. ബാക്കിയുള്ള ഭൂമിയെ പ്രകൃതിക്കിണങ്ങിയ രീതിയിലുള്ള ഉപയോഗത്തിന് പ്ലാൻ ചെയ്താൽത്തന്നെ കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ നമുക്ക് എളുപ്പത്തിൽ സാധിക്കും. ഇത് പക്ഷെ,രാഷ്ട്രീയപരമായി വലിയ ബുദ്ധിമുട്ടുള്ള ഒരു തീരുമാനമാണ്. സ്ഥലവിനിയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന ഏതു തീരുമാനത്തിനും രാഷ്ട്രീയപരമായ പ്രത്യാഘാതങ്ങളുണ്ടാകും. അതേസമയം ഈ തീരുമാനങ്ങൾ തീർച്ചയായും എടുക്കേണ്ടതുമാണ്. VK







**വിപിൻ ജോസ് അർത്തുങ്കൽ**
സിസിലി, ഇറ്റലി

## പ്രകൃതിയുടെ പ്രാർത്ഥന

പൂട്ടാതിരിക്കുക
പുഴകളും പൂക്കളും
പൂമരച്ചില്ലയും
പൂങ്കുയിൽനാദവും


മാറാതിരിക്കട്ടെ
മാമലശോഭയും
മാരിവിൽഭംഗിയും
മാനവസ്നേഹവും

പുൽകുക പുൽകുക
പൂക്കുംപ്രകൃതിതൻ

പുളകങ്ങളൊക്കെയും
പൂർണമായ് പുൽകുക

നെഞ്ചോടുചേർക്കുക
പുഞ്ചവരമ്പിലെ
കൊഞ്ചുംകിളിയുടെ
പഞ്ചവർണ്ണങ്ങളെ

മറക്കാതിരിക്കുക
മഴയെ, കുളിരിനെ
മാരുതസ്പർശത്തെ
മണ്ണിൻമണത്തിനെ.



**ദേവിക സതീഷ് നായർ**
14 വയസ്
സൈി, ടോഗോ





**ബിജുപുരുഷോത്തമൻ**
ഒമാൻ

## കലികാല ചെയ്തികൾ

മാതാ, പിതാ, ഗുരു,
ദൈവങ്ങളൊക്കെയും,
മനുവിന്റെകാലത്ത്
കേട്ടതായ് തോന്നിയോ?

മകനുടെ നീതിക്ക്
കേഴുന്നൊരമ്മയും.
മകളുടെ ജീവനെ,
കാമപൂർത്തിക്കായി
മരണത്തിലേയ്ക്ക്
നടത്തിച്ചൊരമ്മയും.

മകളിലായ് പത്നിയെ
കാണുന്നൊരച്ഛനും.
മകനും കൊടുത്തു,
തന്നമ്മതൻ പാത്രത്തിൽ

മറയ്ക്കുവാനാവാത്ത
മാനുഷസൃഷ്ടിയെ.

ഗുരുവും പകർന്നു തൻ
ശിഷ്യ തൻ മേനിയിൽ
വാത്സ്യായനത്തിന്റെ
ആദ്യപാഠങ്ങളെ.

വിദ്യാധനാദികൾ
നേടി നാം നിൽക്കിലും.
ഉൾക്കാമ്പിലൊരു മൃഗ,
തൃഷ്ണയാണെപ്പോഴും.

മാറ്റുക മാനുഷാ
മൂഢമാം ജീവിതം,
നീക്കുക മാനസ
മലിനങ്ങളൊക്കെയും.



മരുഭൂമിയിൽ അത്യപൂർവ്വമായി മാത്രം കാണുന്ന കണിക്കൊന്ന. കേരള നന്മയുടെ പൂമരം. കത്തുന്ന ചൂടിൽ നിറയെ പൂത്ത കണിക്കൊന്നയുടെ കാഴ്ച കണ്ണിനും മനസിനും ആനന്ദമാണ്. അതുകൊണ്ട്തന്നെ പരിമിതികളിലും കണികൊന്നക്കു ദാഹ ജലമൊരുക്കി പ്രകൃതി കനിഞ്ഞരുളിയ ഈ നന്മയെ നാളേക്കുള്ള  തണലും മനസ്സ് നിറക്കുന്ന പൂക്കാലവുമായി കാത്തു വെക്കാൻ എളിയ ശ്രമം.

**നൗഷാദ് ആലുവ, സലാം പെരുമ്പാവൂർ, ഡൊമനിക് സാവിയോ**
റിയാദ് സൻട്രൽ കമ്മറ്റി

## ഇനിയും പുഴയൊഴുകും



**ഉഷാ ഗോപാൽ**
ബഹ്റിൻ

മേടം കുളിരിട്ട വർണ്ണത്തുരുത്തുകൾ,
മനസ്സിൽ വരച്ചിട്ടവളൊഴുകീ...
കള കളമൊഴുകീ...

അഴകാർന്നുലഞ്ഞൊരു മഞ്ഞണിവാക,
പുഴയരികെ ചാഞ്ഞഴകുനോക്കി...
ചിറകലയിളക്കി...

പുളകിതയായവൾ അളകങ്ങൾ നീർത്തി
ചിരിയൊതുക്കി.,
ചാരേ ചേർന്നൊഴുകി.

ഉള്ളിലൊളിപ്പിച്ച വെള്ളാരംകല്ലുകൾ
കണ്ടതെണ്ണിപ്പറഞ്ഞുകേട്ടു,
കാടും പൂത്തുലഞ്ഞു...

കണ്ണൊന്നു ചിമ്മാതെനോക്കിയ വാനവും,
തെളിനീലമഷിയാൽ കഥയെഴുതി...
കാടിൻ കണ്ണാടിയിൽ

എന്നോ അറിയില്ല തടയിട്ടു ദാഹികൾ,
മോഹത്തിൻ ചണ്ടിയാൽ പുഴയിലാകെ.

കണ്ണീരണിഞ്ഞ ചാലായിമാറിയ
പ്രണയിനിയൊഴുകീ
മൂകയായ്,

പാപലാഭത്തിന്റെ കറയിലമർന്നാ,
കണ്ണീരെന്നോ
കരിമ്പുഴയായ്.

അന്നും വിരിഞ്ഞൂ വാസന്തമാവഴി,
വറ്റിവരണ്ട ദലങ്ങളോടെ..

കണ്ണാടി നോക്കാൻ പുഴയുമില്ല,
പൂമൂടുവാൻ കാറ്റിൻ കൈയ്യുമില്ല.

നാലു ഋതുക്കളും
ഗ്രീഷ്മത്തിലമരവേ

ഹരിതവും മൂടീ ധൂളിയാലേ...
അടയാനൊരുങ്ങുന്ന നീരില്ലാക്കണ്ണുകൾ
തേടിയൊരിറ്റുനീർമൃതശയ്യയിൽ..

ഉറ്റവരായിട്ടു ചിലരുണ്ട് ബാക്കി
മണ്ണുനീർത്തുള്ളിയെ  അറിയുന്നമക്കൾ

ശ്വാസനാളംമൂടും ദുർഗ്ഗന്ധികങ്ങളുടെ
ചിത മാറ്റിയെത്തി ഉറവറ്റാക്കൈകൾ...

കൈവെള്ളയിൽ കാത്തു മഴച്ചാറലത്രയും,
തീരത്തുനട്ടു ഹരിതമാം നാമ്പുകൾ.,

വഴിതിരിച്ചെ ത്തിയ
തണ്ണീർത്തടത്തിനോ
ടിഴചേർന്നൊഴുകുന്നു
പ്രതീക്ഷകൾ പിന്നെയും...



**സജീവ് നമ്പ്യാർ കോയിപ്ര**
ജമൈക്ക


## പുഴയുടെ രോദനം

വിഷാദങ്ങളിലലണ്ടുള്ള വിണ്ണിന്റെ  കണ്ണിലെ
കണ്ണീരൊഴുക്കുകൾ എന്നിലുറ്റി
മണ്ണിലെ മർത്യന്മാർ ചെയ്യുന്ന വികൃതികൾ
ഇഷ്ടപ്പെടാത്തവർ കരഞ്ഞുപോയി
മനം പൊട്ടി ഒഴുകുന്ന കണ്ണീരൊഴുക്കിനെ
മഴയെന്ന് മർത്യൻ പേരുനൽകി
ഒഴുകുന്ന കണ്ണുനീർ ഒരുമിച്ചെടുത്തു ഞാൻ
എന്നിലെ ജീവനു ജന്മമേകി
ഒഴുകുന്ന പുഴയായി ഞാൻ ജനിച്ചു
ഈ മണ്ണിലെ ജീവനു ജലവുമായി
മൽസ്യങ്ങൾ മറ്റുള്ള ജീവികളൊപ്പമിന്ന്
എന്നിലെ ജീവനിൽ ജീവിയായി
മണ്ണിലെ സസ്യങ്ങൾ ജീവികളെ പോലെ
തന്നുടെ ജീവിതമാസ്വദിച്ചു
വൃക്ഷങ്ങൾ നൽകുന്ന മധുരമാം കുളിരുകൾ
എന്നിലെ ആഹ്ലാദമിരട്ടിയാക്കി
മതിമറന്നൊഴുകുന്ന എന്നുടെ തീരത്ത്
മർത്യഗൃഹങ്ങൾ പണിതുപോങ്ങി
മണ്ണിലെ മാലിന്യം എന്നിലെറിഞ്ഞവൻ
എന്നെ ഞാൻ അറിയാത്തശുദ്ധമാക്കി
വെട്ടിമുറിച്ചു ആ കുളിരേക്കും വൃക്ഷങ്ങൾ
മണ്ണിനെ ഉരുകുന്ന ഭൂമിയാക്കി
ഉരുകുന്ന ഭൂമിയിൽ ഉരുകി  മരിച്ചു ഞാൻ
വറ്റി വരണ്ടസ്ഥികൂടമായി
മർത്യന്റെ വികൃതികൾക്കണ്ടുമടുത്ത് ആ
വിണ്ണ് തൻ കണ്ണീരൊഴുക്കാതായി
മണ്ണിലെ ജീവികൾ ഒരുതുള്ളി ജലത്തിനായി
എന്നിലേക്കായി തൻ നോട്ടമെന്നും
വറ്റി വരണ്ടുള്ള പുഴയായ ഞാനിന്ന്
വീണ്ടും ജനിക്കുവാൻ ആഗ്രഹിച്ചു
നോക്കിനിൽക്കുന്നു ഞാൻ കണ്ണുകൾ മുകളിലായി
ഒരുതുള്ളി കണ്ണിർമഴ എന്നിലെത്താൻ
നോക്കിനിൽക്കുന്നു ഞാൻ കണ്ണുകൾ മുകളിലായി
ഒരുതുള്ളി കണ്ണിർമഴ എന്നിലെത്താൻ

കവർ സ്റ്റോറി

# ഇനി നാം ഗ്ലോബലാവണം

# ഗ്ലോബിനെ രക്ഷിയ്ക്കാൻ...




**സാബു പള്ളിപ്പാട്ട്**
വിയന്ന, ഓസ്ട്രിയ


*"കത്തുന്ന സൂര്യന്റെ കണ്ണുകളിൽനിന്നഗ്നി*
*വർഷിച്ചു രോഷമുണരുന്നു*
*ആടിമുകിൽമാല കുടിനീര് തിരയുന്നു*

*ആതിരകൾ കുളിരു തിരയുന്നു.*
*ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു*
*ആറുകളൊഴുക്ക് തിരയുന്നു!"*

ഭൂമിയ്ക്കൊരു ചരമഗീതം എന്ന കവിതയിൽ പ്രിയ കവി ഓ. എൻ .വി കുറുപ്പ് ഒരു മുപ്പതു വർഷം മുൻപേ ഇങ്ങനെ കുറിച്ചിട്ടിരുന്നു. അന്ന് ഭൂമിയുടെ നില ഇത്ര വഷളായിരുന്നില്ല. ഇന്നു സ്ഥിതി അതല്ല. ധ്രുവക്കരടികൾ വംശനാശ ഭീഷണി നേരിടുന്നു. ധ്രുവങ്ങളിൽ ക്രമാതീതമായി മഞ്ഞുരുകുന്നു. ദിനവും ഇരുനൂറിലധികം ജീവകൾക്കും വംശനാശം വരുന്നു.

ഇനിയും പ്രതീക്ഷയ്ക്ക് വകയില്ലെന്നാണോ? അതിനിടെ കഴിഞ്ഞ ആഴ്ച ഫോർബ്സ് മാഗസിനിൽ വന്ന ഒരു വാർത്ത പ്രത്യാശ പകരുന്നുണ്ട്. ഇരുപത് വർഷങ്ങൾക്കിടയിൽ ഭൂമി കൂടുതൽ ഹരിതാഭമായിരിയ്ക്കുന്നു എന്നതാണത്. അതിൽ ഏറ്റവും മുൻപിൽ ചൈനയും, ഇന്ത്യയുമാണ്. ദ്രുതഗതിയിൽ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതാണ് കാരണം. അമേരിക്കയ്ക്ക് ഈ പട്ടികയിൽ ഏഴാം സ്ഥാനമേയുള്ളൂ. യൂറോപ്പിനാണ് മൂന്നാംസ്ഥാനം.




ഗ്രേറ്റാ തൻബർഗ്

നഗരങ്ങളിൽ ജീവിയ്ക്കുന്ന നമുക്കെന്തു ചെയ്യാനാകും എന്ന് ചോദിയ്ക്കുന്നവരുണ്ട്. കുളിയ്ക്കുമ്പോൾ, അലക്കുമ്പോൾ, നീണ്ട യാത്രകൾക്ക് പോകുമ്പോൾ ഫ്രിഡ്ജ് ക്ളീൻ ചെയ്ത് ഓഫാക്കുമ്പോൾ, കുടുംബവുമായുള്ള യാത്രകളിലൊഴികെ പൊതുഗതാഗത സംവിധാനങ്ങൾ പരമാവധി ഉപയോഗിക്കുമ്പോൾ, ഇങ്ങനെ എല്ലാവർക്കും ചെയ്യാനാവുന്ന അനേകം കാര്യങ്ങളുണ്ട്. വീട് കത്തുമ്പോൾ വാഴവെട്ടാൻ പോവുക എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. അതുപോലെയാണ് ഇക്കാര്യത്തിലും നമ്മുടെ പ്രതികരണം. കത്തുന്ന ചൂടിന്റെ കാരണമറിഞ്ഞിട്ടും കോൺക്രീറ്റ് സൗധങ്ങളുടെ സുഖാലസ്യത്തിൽ നാം താത്ക്കാലിക ശമനം തേടുകയാണ്.

ശുദ്ധവായുവും, ജലവും ശരീരത്തിന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. അതില്ലാതായാൽ ഇനി വരുന്നവർ കഴിഞ്ഞുപോയ തലമുറകളുടെ ആഡംബര ജീവിതത്തെ ശപിച്ചു പിടഞ്ഞു മരിക്കേണ്ടി വന്നേക്കാം.

ഇതിനിടെ ലോകമാകെ യുവതലമുറയ്ക്കിടയിൽ ആശാവഹമായ ചില ചലനങ്ങളുണ്ടാക്കിയത് ഗ്രേറ്റാ തൻബർഗ് എന്ന സ്വീഡനിൽ നിന്നുള്ളപതിനാറു വയസ്സുള്ള സ്കൂൾ വിദ്യാർത്ഥിനിയാണ്. തികച്ചും അവിചാരിതമായി കാണാനിടയായ കാലാവസ്ഥാ വ്യതിയാന സംബന്ധിയായ ഒരു ഡോകുമെന്ററിയാണ് ഗ്രേറ്റയെ വളരെ ദുഃഖിതയാക്കിയത്. ഇതുപോലൊരു അടിയന്തിരഘട്ടത്തിലും വേണ്ടത്ര പ്രതികരിയ്ക്കാത്ത ലോകം ഗ്രേറ്റയെ പരിഭ്രാന്തയാക്കി. പിന്നെ ഗ്രേറ്റ എല്ലാ വെള്ളിയാഴ്ചകളിലും പഠിപ്പു മുടക്കി സ്വീഡിഷ് പാർലമെന്റിന് മുമ്പിൽ സമരം തുടങ്ങുകയായിരുന്നു. ഞങ്ങൾക്കിവിടെ ഇനിയൊരു ഭാവിയില്ലെങ്കിൽ എന്തിനാണ് ഞങ്ങൾ പഠിയ്ക്കുന്നത് എന്നായിരുന്നു ഗ്രേറ്റയുടെ ചോദ്യം. പിന്നീട് ആ സമരം നൂറ്റിയമ്പതിലധികം രാജ്യങ്ങളിലെ വിദ്യാർത്ഥി പ്രക്ഷോഭമായി മാറി. യൂറോപ്യൻ യൂണിയനടക്കം ലോകനേതാക്കൾക്കു മുന്നിൽ ഇതിനകം ഈ ചോദ്യങ്ങൾ ഉന്നയിച്ച് ഗ്രേറ്റ പ്രസംഗങ്ങൾ നടത്തി. ഇന്ന് യൂറോപ്പിലും, പുറത്തുമുള്ള രാഷ്ട്രീയ മണ്ഡലത്തിൽ ഗ്രീൻ പാർട്ടികൾക്ക് വർദ്ധിച്ച ഭൂരിപക്ഷമുണ്ടാക്കാൻ യുവാക്കളുടെ ഈ പോരാട്ടങ്ങൾക്കായിട്ടുണ്ട്.

ഒന്നിച്ച് കൃഷി തുടങ്ങിയതോടെയാണു മനുഷ്യർ ഗോത്രങ്ങളായി കൂടിച്ചേർന്നത്. പിന്നെ കൊച്ചു രാജ്യങ്ങളായി. രാജ്യങ്ങൾ ചേർന്ന്രാഷ്ട്രങ്ങളായി. ഇനി വേണ്ടത് നാം ഗ്ലോബൽ ആവുക എന്നതാണ്. നാം നേരിടുന്നത് ഒരേ ഭീഷണിയാണ്. അതിനെ മറികടക്കാൻ ലോകജനത ഒന്നിച്ചു നിന്ന് പോരാടിയേ മതിയാവൂ.

നമുക്ക് പാർക്കാൻ ഇതുവരെ വേറൊരു ഗ്രഹം കണ്ടെത്തിയിട്ടില്ലെന്നു മറക്കാതിരിയ്ക്കുക. അനേകം ജീവിവർഗ്ഗങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യർ. നാം ഇവിടെനിന്ന് മറഞ്ഞു പോയാൽ നഷ്ടം നമുക്കു മാത്രമാണ്. പ്രപഞ്ചം ദിശയോ, അർത്ഥമോ ഇല്ലാതെ ഇതുപോലെ അന്നും അനന്തമായി ചലിയ്ക്കുന്നുണ്ടാവും. VK




തൃപ്തി ഉണ്ണിത്താൻ,
ടോഗോ





# എന്റെ "Environment Day"



**സപ്ന അനു ബി ജോർജ്**
ഒമാൻ

സ്കൂളിൽ ഈ വർഷത്തെ‘ എൻവയോൺമെന്റ് ഡെ’ ആഘോഷിക്കുന്നത്, എന്റെ പിറന്നാളിന്റെ അന്നാണ്, ജൂൺ 5. ഞങ്ങടെ റ്റീച്ചർ അന്നത്തെ ദിവസം, ചാർട്ടും മറ്റും ഉണ്ടാക്കാൻ, ക്ലാസ്സ് മോണിറ്റർ ആയ എന്നെ ആണ് ഏൽപ്പിച്ചത്. ദക്ഷിൺ... റ്റീച്ചർ വിളിച്ചപ്പോൾ ഞാൻ മേശക്കരികിൽ എത്തി! എന്താണ് ‘എൻവയോൺമെന്റ് ഡെ’ അറിയാമോ? തിരിഞ്ഞ് എല്ലാവരോടുമായി റ്റീച്ചർ ചോദിച്ചു! ഞാൻ... ഞാൻ... ഞാൻ, ചിലരൊക്കെ കൈ പൊക്കി. എന്നാൽ ഹുമയൂൺ പറയൂ...റ്റീച്ചർ! പാക്കിസ്ഥാനിയായ ഹുമയൂൺ ഇവനെന്തറിയാം? ഞാൻ മനസ്സിൽ കരുതി. എന്നാൽ എന്നെ ഞെട്ടിച്ചു കൊണ്ടവൻ പറഞ്ഞു...‘ഉസ് ദിൻ ഹം, ഹമാരാ മുൽക് മെ, പൌദാ ലഗാത്ത ഹെ, മാം.’(ആ ദിവസം നമ്മൾ നമ്മുടെ വീട്ടിലും മറ്റും, ചെടികൾ വെച്ചു പിടിപ്പിക്കാറുണ്ട്, റ്റീച്ചർ) വെരി ഗുഡ് റ്റീച്ചർ പറഞ്ഞു. ഇനി ആർക്കെങ്കിലും അറിയാമോ? ഞങ്ങടെ നാട്ടിൽ മാർക്കറ്റും, വഴിയും, ഒക്കെ, വെളുത്ത ഉടുപ്പിട്ട വലിയ വലിയ ആൾക്കാർ, തൂത്തുവാരുന്നതു കണ്ടിട്ടുണ്ട്, മനോഹരന്റെ വക, ഉത്തരം. ‘വെരി ഗുഡ്, മനോഹർ ഇരുന്നോളൂ’... റ്റീച്ചർ, ഇന്നു മുതൽ നമ്മൾ ജൂൺ 5 വരെയുള്ള ദിവസങ്ങളിൽ, പലതരം ചാർട്ടുകളും മറ്റും ഉണ്ടാക്കി ക്ലാസ്സിൽ വെക്കും. എല്ലാവരും ഉണ്ടാക്കുന്നത്, ദക്ഷിണെ ഏൽപ്പിക്കുക! റ്റീച്ചർ വീണ്ടും വിവരിച്ചു...‘നിങ്ങൾക്ക് അറിയാൻ വേണ്ടി ഞാൻ പറഞ്ഞു തരാം.1972 യുണൈറ്റെഡ് നേഷൻസ് തുടങ്ങിയതാണ് ഇങ്ങനെ ഒരു ദിവസം, ലോകത്തിലെ പരിതസ്ഥിതി രക്ഷിക്കാൻ വേണ്ടി. അതിനു, മരുഭൂമിയെന്നോ, മഞ്ഞെന്നോ, കടലെന്നോ വ്യത്യാസമില്ലാതെ, ഈ ഭൂമിയിൽ ദൈവം നമുക്കു തന്നിട്ടുള്ള എല്ലാറ്റിനെയും, മരങ്ങളെയും, കടലിനെയും, ആറും, തോടും, കരയും, തീയും, പുകയും, എല്ലാം തന്നെ സംരക്ഷിക്കനുള്ള ഒരു കടമ നമുക്കുണ്ട്. അത് മുൻകൂറായി ഓർത്ത്, നമ്മുടെ ഈ ലോകം എന്ന വീട് തന്നെ,വൃത്തിയാക്കി സൂക്ഷിക്കാനുള്ള ഒരു തയ്യാറെടുപ്പ് എന്നു പറയാം. നിങ്ങൾ ഓരോരുത്തരായി ഓരോ ഗ്രൂപ്പ് ഉണ്ടാക്കുക, ഒരാൾക്ക് കടൽ, പിന്നെ ഒരാൾക്ക് മരുഭൂമി, മറ്റൊരാൾക്ക് കര എന്നിങ്ങനെ മൂന്നായി തിരിച്ച്, ഇതുമായി ചേർന്നു പോകുന്ന ചിത്രങ്ങളും, പടങ്ങളും വെട്ടി ഒട്ടിച്ച്, ചാർട്ട് പോലെ ഉണ്ടാക്കണം. ഇതു നമ്മുക്ക് ക്ലാസ്സിൽ സൂക്ഷിക്കാനാണ്. തീരുന്ന ഓരോ ചാർട്ടുകളും, എല്ലാവരും ദക്ഷിണിന്റെ കയ്യിൽ ഏൽപ്പിക്കണം. കേട്ടോ? റ്റീച്ചർ... പിന്നെ ചെറുതെങ്കിലും ഞങ്ങടെ ക്ലാസ്സിന്റെ



മുൻപിൽ ഒരു ചെറിയ പൂന്തോട്ടം ഞങ്ങൾ ഉണ്ടാക്കി. ഒരു കൊച്ചു കുന്നും, ഓരം ചേർന്ന് ഒരു കൊച്ചു പ്ലാസ്റ്റിക്ക് പാത്രത്തിൽ കൊണ്ടുവെച്ച വെള്ളം, ഒരു കുളം ആയി. പിന്നെ, അഫ്സലിന്റെ വീട്ടിൽ നിന്നു കൊണ്ടുവന്ന ഒരു ചെറിയ മരത്തിന്റെ തൈ, ഞങ്ങൾ നടുക്കു നട്ടു, ചുറ്റും വെള്ളം ഒഴിക്കാനുള്ള ചാലും കോരി വെച്ചുണ്ടാക്കി. എല്ലാ ദിവസവും ക്ലാസ്സി പെൻസിൽ കൂർപ്പിക്കുതിന്റെ ചീന്തലും മറ്റും ഞങ്ങൾ ഈ ചെറിയ മരത്തിന്റെ ചുവട്ടിൽ ഇടും, വളമായി. എല്ലാവരും എന്തെങ്കിലും കുഞ്ഞു പൂച്ചെടികളുടെ അരി ഒക്കെ കൊണ്ടു വരും. ചെറിയ ചെടികളും, പലരും, കൊണ്ടു വന്നു വെക്കാറുണ്ട്. എല്ലാം എന്നോടു ചോദിച്ചു സമ്മതം വാങ്ങിയിട്ടേ നട്ടു നനയ്ക്കാറുള്ളു. പിന്നെ റ്റീച്ചർ പറഞ്ഞിട്ടുണ്ട്, എല്ലാ ദിവസവും ചെടികൾക്കിടയിൽ വീഴുന്ന ചപ്പും ചവറും കളഞ്ഞ്, വൃത്തിയാക്കണം എന്ന്. വൃത്തിയും വെടിപ്പും ആയി സൂക്ഷിച്ചാൽ ഈ കൊച്ചു തോട്ടം പോലെ നമ്മുടെ ലോകവും,നമുക്ക് സൂക്ഷിക്കാം എന്നാണ് ഈ ‘വേൾഡ് എൻവയോൺമെന്റ് ഡെ’ കൊണ്ട് ഉദ്ദേശിച്ചത് എന്ന് അന്ന് രാജലക്ഷ്മി റ്റീച്ചർ ഞങ്ങൾക്കെല്ലാം മനസ്സിലാക്കിത്തന്നു. VK

**ദക്ഷിൺ തോമസ് റ്റിറ്റി ജോർജ്ജ്,**
ക്ലാസ്സ് 6 D, ഇൻഡ്യൻ സ്കൂൾ അൽ ഗുബ്ര,മസ്കറ്റ്, ഒമാൻ.






അഭിമുഖം





# കേരളം 'നിപ്പയെ' പ്രതിരോധിച്ചതെങ്ങനെ?

## ഡോ. അനൂപ് കുമാറുമായി അഭിമുഖം




തയാറാക്കിയത്.

**ജെയ്സൺ കാളിയാനിൽ**

WMF MM ഗ്ലോബൽ കോർഡിനേറ്റർ, കുവൈറ്റ്




**Dr. അനൂപ് കുമാർ എ. എസ്. WMF കേരള സ്റ്റേറ്റ് കൗൺസിൽ കോർഡിനേറ്റർ, മികച്ച സാമൂഹ്യ പ്രവർത്തകൻ, ജീവകാരുണ്യ രംഗത്തെ നിറ സാന്നിധ്യം, ആരോഗ്യ രംഗത്ത് നിരവധി ബോധവൽക്കരണ ക്യാമ്പുകളുടെ സംഘാടകൻ, നിപ്പ വൈറസ് സ്ഥിരീകരിച്ച ഡോക്ടർ, 2018ലെ മികച്ച ഡോക്ടർക്കുള്ള അവാർഡ് എന്നിങ്ങനെ നിരവധി മേഖലകളിൽ പാഗല്ഭ്യം തെളിയിച്ച വ്യക്തിയാണ് ഡോ. അനൂപ്. ഇപ്പോൾ പാമ്പിലൂടെയുള്ള വിഷഭീഷണിയെക്കുറിച്ചുള്ള ബോധവൽക്കരണത്തിൽ സജീവമായി പ്രവർത്തിച്ചുവരികയാണ്.**

### എന്താണ് നിപ്പ വൈറസ് രോഗബാധ, അത് എങ്ങിനെയാണ് നമ്മുടെ നാട്ടിൽ എത്തിപ്പെട്ടത്?

നിപ്പ വൈറസ് മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് വ്യാപിക്കുന്ന ഒരു വൈറൽ അസുഖമാണ്. വളരെ മരണ സാധ്യത കൂടിയതും, ചികിത്സ ഇല്ലാത്തതും, പിന്നീട് മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നതുമാണ് ഈ രോഗം.

നിപ്പ വൈറസിന്റെ മൂലസ്രോതസ്സ് 'Pteropodidae' വിഭാഗത്തിൽപെട്ട പഴംതീനി വവ്വാലുകളിലൂടെയാണ്. ഇവയുടെ ശരീരത്തിൽ നിപ്പാ വൈറസിന്റെ സാന്നിദ്ധ്യം വർഷങ്ങക്ക് മുൻപേ തെളിയിക്കപ്പെട്ടതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ വൈറസിന്റെ തോത് വവ്വാലുകളിൽ കൂടുകയും, അവയിൽനിന്നും വൈറസിന്റെ പ്രസരണം മറ്റു മൃഗങ്ങളിലേക്കോ, മനുഷ്യരിലേക്കോ നടന്ന് രോഗം പരക്കുകയും ചെയ്യാൻ സാധ്യതയുണ്ട്. പക്ഷെ ഏതു രീതിയിലാണ് വവ്വാലുകളിൽ നിന്നും രോഗം സംക്രമിക്കുന്നതെന്ന് കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടില്ല.

### എത്രമാത്രം അപകടം നിറഞ്ഞതാണ് നിപ്പ വൈറസ്?

ലോകാരോഗ്യ സംഘടന ഒരു 'ബ്ലൂ പ്രിന്റ് ലിസ്റ്റ് ഓഫ് പ്രയോറിറ്റി ഡിസീസസ് ' പ്രഖ്യാപിച്ചിട്ടുണ്ട്. ലോകത്തിൽ മരുന്നോ, വാക്സിനോ ലഭ്യമല്ലാതെ, വൈറസുകളിലൂടെ പടർന്നു പിടിക്കാൻ സാധ്യതയുള്ള രോഗങ്ങളാണ് ഈ ലിസ്റ്റിലുള്ളത്. അതിലുള്ള ഏട്ട് രോഗങ്ങളിലൊന്നാണ് നിപ്പ വൈറസ് രോഗബാധ. ഏതൊക്കെ രീതിയിലാണ് ഇതേപ്പറ്റി റിസേർച്ച് നടത്തേണ്ടതെന്നും, എങ്ങനെ മുന്നോട്ട് പോകണം എന്നും വ്യക്തമായ ഒരു പ്ലാനിങ് ലോകാരോഗ്യ സംഘടന മുന്നോട്ട് വച്ചിട്ടുണ്ട്.

'അത്രയധികം ആളുകൾ പേടിക്കുന്ന ഒരു രോഗബാധയാണ് എന്ന് തന്നെയാണ് നിപ്പ യുടെ പ്രത്യേകത'. ഇതിന്റെ മരണ സാധ്യത വളരെ കൂടുതലാണ്. മുൻപ് ലോകത്തിൽ ഇത് ബാധിച്ചിടത്ത് ഒക്കെ ഏകദേശം 70 ശതമാനത്തിൽ അടുത്താണ് മരണസാധ്യത കണ്ടത്. വേറൊരു കാര്യം ഈ അസുഖത്തെ കൃത്യമായി ചികിത്സിക്കാൻ ഉള്ള മരുന്നോ, അത് വരാതിരിക്കാൻ ഉള്ള വാക്സിനോ, ഇതുവരെ ലോകത്ത് ഡെവലപ്പ് ചെയ്തിട്ടില്ല എന്നതാണ്. ഇതൊക്കെ കൊണ്ടാണ് ഓരോ നിപ്പാ വൈറസ് ബാധയും ലോക ശ്രദ്ധ നേടിയിരിക്കുന്നത്. ഇത് മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് വളരെ പെട്ടെന്ന് തന്നെ പടരാൻ സാധ്യത ഉള്ള വൈറസാണ്. അതുകൊണ്ടുതന്നെ ലോകത്തിലെ ഏതെങ്കിലും ഒരു സ്ഥലത്ത് ഈ വൈറസ് ഉണ്ടായിക്കഴിഞ്ഞാൽ മനുഷ്യരിലൂടെ മറ്റു ഭാഗങ്ങളിലേക്ക് പടർന്നു പിടിക്കാനുള്ള സാധ്യത ഉണ്ട്. ഈ കാരണങ്ങൾ കൊണ്ടാണ് നിപ്പാ വൈറസ് അത്യന്തം മാരക പ്രഹരശേഷിയുള്ള വൈറസ് ആയി കണക്കാക്കുന്നത്.

### എങ്ങനെയാണ് കേരളം നിപ്പാ വൈറസിനെ ഒറ്റക്കെട്ടായി നേരിട്ടത്?

കഴിഞ്ഞ വർഷം (2018) മെയ് മാസത്തിലാണ് സൗത്ത് ഇന്ത്യയിൽ ആദ്യമായി നിപ്പ വൈറസ് റിപ്പോർട്ട് ചെയ്തത്. ആ സമയത്ത് ഒരു കുടുംബത്തിലെ നാലു വ്യക്തികൾ സമാനമായ രോഗലക്ഷണങ്ങളുമായി കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആവുകയും അവർക്ക് സാധാരണ രീതിയിൽ കാണാത്ത ചില രോഗലക്ഷണങ്ങൾ കൂടി കാണുകയും ചെയ്തു. അവരുടെ ഒരു സഹോദരൻ ഏകദേശം രണ്ട് ആഴ്ച മുൻപ് സമാന രോഗലക്ഷണങ്ങളുമായി മരണപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ രോഗികളുടെ സ്രവങ്ങൾ മണിപ്പാലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെക്ക് അയച്ചു രോഗ സ്ഥിതീകരണം കേവലം 36 മണിക്കൂറിനുള്ളിൽ നടത്തുന്നതിനുള്ള സാഹചര്യമുണ്ടായത്. ലോകത്തിൽ ഈ രോഗം ഉണ്ടായ മറ്റു സ്ഥലങ്ങളിലൊക്കെ രോഗ സ്ഥിതീകരണം നടന്നത് മാസങ്ങൾക്കോ, വർഷങ്ങൾക്കോ ശേഷമാണ്. അതുകൊണ്ടു തന്നെ





കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ആ സ്ഥലങ്ങളിലൊക്കെ കാലതാമസമുണ്ടായി. നമുക്ക് വളരെ പെട്ടെന്ന് തന്നെ രോഗം കണ്ടുപിടിക്കാൻ സാധിച്ചെങ്കിൽ തന്നെയും നമ്മുടെ മുൻപിൽ കുറെയധികം പ്രതിസന്ധികൾ ഉണ്ടായി. കാരണം മാരകപ്രഹരശേഷിയുള്ള, മരണശേഷിയുള്ള, രോഗികളുടെ കൂട്ടിരിപ്പുകാർക്കും ആരോഗ്യമേഖലയിലെ പ്രവർത്തകർക്കും പകർന്നു കിട്ടാൻ പെട്ടെന്ന് രോഗ സാധ്യതയുള്ള ഈ അസുഖത്തെ ചികത്സിച്ചോ, പ്രതിരോധിച്ചോ ഉള്ള ഒരു മുൻപരിചയവും നമുക്ക് ഉണ്ടായിരുന്നില്ല. ഈ കുറവുകളൊക്കെ ഉണ്ടായിരുന്നിട്ടും അതിനു മുമ്പിൽ നമ്മൾ പകച്ചുനിൽക്കാതെ, ഒരു വലിയ കൂട്ടായ്മയിലൂടെ വെറും 12 ദിവസങ്ങൾക്കുള്ളിൽ രോഗത്തെ പൂർണമായും പിടിച്ചുകെട്ടാൻ സാധിച്ചു എന്നതാണ് ലോകം മുഴുവൻ അത്ഭുതത്തോടെ വീക്ഷിച്ച 'ഒരു കേരളമോഡൽ പ്രതിരോധം'. ആരോഗ്യ വകുപ്പും സർക്കാരും ഇക്കാര്യത്തിൽ വളരെ ഉണർന്നാണ് പ്രവർത്തിച്ചത്. രോഗികളെയും, രോഗ സാധ്യത ഉള്ളവരെയും പെട്ടെന്നുതന്നെ തിരിച്ചറിയാനും അവരെ ചികിത്സിക്കാൻ




വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡ്, മെഡിക്കൽ സംഘം എന്നിവയൊക്കെ യുദ്ധകാല അടിസ്ഥാനത്തിൽ രൂപീകരിച്ചാണ് നമ്മൾ ആ വലിയ പ്രതിസന്ധിയെ നേരിട്ടത്. പരിമിതികളെ ഒക്കെ അതിജീവിച്ച് പെട്ടെന്ന് സൗകര്യങ്ങൾ ഒരുക്കി ജനസാന്ദ്രത വളരെ ഉള്ള ഒരു സ്ഥലത്ത് കൂടുതൽ ആളുകൾക്ക് രോഗം വരാതെ നോക്കാൻ നമുക്കായി. ഈ കാര്യത്തിൽ അധികാരികളുടെയും, ആരോഗ്യ പ്രവർത്തകരുടെയും, പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനമാണ് നടന്നത് എന്നത് അഭിമാനകരമായ സംഗതിയാണ്.

### എന്തുകൊണ്ടാണ് നിപ്പാ വൈറസ് ഈ വർഷവും എത്തിയത്?

2018ൽ ആദ്യമായി റിപ്പോർട്ട് ചെയ്തപ്പോൾ ഏകദേശം 19 പേർക്ക് രോഗം സ്ഥിരീകരിച്ചു, അതിൽ 17 പേർ മരണപ്പെട്ടു. ഈ വർഷം ജൂണിൽ വീണ്ടും ഈ രോഗം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. അപ്പോൾ ആളുകൾക്ക് ഉണ്ടാകുന്ന ന്യായമായ സംശയം ഇനി എല്ലാ വർഷവും ഈ പകർച്ചവ്യാധി എത്തുമോ എന്നുള്ളതാണ്. അങ്ങനെ ഉണ്ടാവണമെന്നില്ല. പക്ഷേ ഈ വൈറസിന്റെ മൂലസ്രോതസ്സ് ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട വവ്വാലുകളാണ്. അവ ഉള്ള സ്ഥലങ്ങളിൽ ഒക്കെ തന്നെ നിപ്പ വൈറസിന്റെ പ്രജനനം നവംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ നടക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഈ കാലയളവിൽ നമ്മൾ വളരെയധികം ജാഗ്രത പാലിക്കേണ്ടതുണ്ട്. തലച്ചോറിനെ ബാധിക്കുന്ന പനിയുടെ രോഗലക്ഷണങ്ങളുമായി വരുന്ന രോഗികളെ നിരീക്ഷിച്ച് നിപ്പ അല്ല എന്ന് ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്. അതിനായി കേരളത്തിൽ ഇപ്പോൾ തന്നെ ഉള്ള ഐ ഡി എസ് പി അഥവാ ഇന്റെഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാം എന്ന ആരോഗ്യവകുപ്പിന്റെ പദ്ധതി കുറച്ചുകൂടി ഊർജ്ജസ്വലമായി നടത്തേണ്ടത് അത്യാവശ്യമാണ്. പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും മാരകമായ പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയാനും ഇതുമൂലം കാര്യക്ഷമമായി സാധിക്കും. ഈ പ്രാവശ്യം അതിനാൽ തന്നെ ഒറ്റ രോഗിയിൽ രോഗം കണ്ടുപിടിക്കാനും, അതിനുശേഷം ഉള്ള കാര്യക്ഷമമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ പൂർണമായി നിയന്ത്രണവിധേയമാക്കാനും നമുക്ക് സാധിച്ചു. VK

## എന്തൊക്കെ മുൻകരുതലുകൾ ആണ് നമ്മൾ എടുക്കേണ്ടത്?

1. വൈറസിന്റെ പ്രസരണം കൂടുതൽ നടക്കുന്ന നവംബർ ജൂൺ കാലഘട്ടത്തിൽ ഏതെങ്കിലും സാമ്യമുള്ള രോഗലക്ഷണങ്ങളുമായി വരുന്ന രോഗികൾക്ക് നിപ്പ വൈറസ് ബാധ ഇല്ല എന്ന് എല്ലാ ആശുപത്രികളിലും ഉറപ്പുവരുത്തുക

2. നിപ്പ വൈറസ് പരിശോധിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും തുടങ്ങേണ്ടത് അത്യാവശ്യമാണ്.

3. പ്പ രോഗലക്ഷണങ്ങളെ കുറിച്ച് ആരോഗ്യ പ്രവർത്തകർക്കും, പൊതു ജനങ്ങൾക്കും ബോധവൽക്കരണം നടത്തുക, അപ്പോൾ രോഗം പെട്ടെന്ന് തന്നെ സ്ഥിരീകരിക്കാൻ സാധിക്കും. തലച്ചോറിനെയോ, ശ്വാസകോശത്തെയോ ബാധിക്കുന്ന രോഗങ്ങൾ ആയി നിപ്പാ വൈറസ് ബാധ മാറാവുന്നതാണ്.

4. രോഗ സംശയം തോന്നുമ്പോൾ തന്നെ (രോഗ സ്ഥിതീകരണത്തിന് മുൻപ്) പ്രതിരോധ പ്രവർത്തനം ആരംഭിക്കണം. ഈ വൈറസ് മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് രോഗലക്ഷണം വന്ന ശേഷം നടത്തുന്ന അടുത്ത ഇടപെടലുകൾ മൂലം പകരാവുന്നതാണ്. രോഗിയെ പരിചരിക്കുന്ന ആളുകൾ മുഖാവരണവും, കയ്യുറകളും പ്രത്യേക വസ്ത്രവും ഒക്കെ ധരിക്കേണ്ടതുണ്ട്.

5. ആളുകൾ കൂട്ടം കൂടുന്ന സ്ഥലത്തേക്കും, പൊതു ഇടങ്ങളിലേക്കും രോഗലക്ഷണം ഉള്ളവർ പോകാതിരിക്കുക. ഇത്തരത്തിലുള്ള സാമൂഹിക ബോധവൽക്കരണത്തിലൂടെ നിപ്പാ വൈറസ് വ്യാപനം നമുക്ക് പിടിച്ചു നിർത്താൻ സാധിക്കും.

6. പഴവർഗങ്ങൾ കഴിച്ചാൽ നിപ്പാ വൈറസ് ബാധ ഉണ്ടാകുമെന്നുള്ള പ്രചരണം ശരിയല്ല. എന്നിരുന്നാലും പകുതി കടിച്ച, പക്ഷികൾ കൊത്തിയ പഴങ്ങൾ കഴിവതും ഒഴിവാക്കുന്നതാണ് നല്ലത്. പുറത്തു നിന്നും വാങ്ങുന്ന പഴവർഗങ്ങൾ ഉപ്പ് അല്ലെങ്കിൽ അപ്പക്കാരം ഇട്ട വെള്ളത്തിൽ നല്ലതുപോലെ കഴുകി മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കുക.

7. പുറത്തു പോയി വന്നതിനു ശേഷം ഭക്ഷണത്തിനു മുമ്പ് കൈകളും മുഖവും വൃത്തിയായി സോപ്പ് ഉപയോഗിച്ച് കഴുകണം.

8. നിപ്പയെ പേടിച്ച് വവ്വാലുകളെ ഉന്മൂലനം ചെയ്യാൻ നോക്കുന്നതോ അവയുടെ ആവാസ വ്യവസ്ഥയിൽ അതിക്രമിച്ച് കയറി അവയെ ഉപദ്രവിക്കുന്നതോ ഒട്ടും അഭികാമ്യമല്ല. മനുഷ്യർ വ്യക്തിശുചിത്വം പാലിക്കുന്നതാണ് കൂടുതൽ ഉത്തമമായ രോഗ പ്രതിരോധമാർഗം.





# കാത്തിരിപ്പ്



ശരണ്യ ജിതിൻ
ഹെയ്തി



ഒരു മദ്ധ്യവേനലവധിക്ക് വല്യച്ഛന്റെ വീട്ടിൽ വെച്ചാണ് മാളുവിനെ പരിചയപ്പെടുന്നത്. മലകളും ചോലകളും ഹരിതാഭയും കൊണ്ട് പ്രകൃതി സുന്ദരമായ വല്യച്ഛന്റെ നാട്ടിൽ എത്തിയ ആവേശത്തോടെ ആദ്യ ദിവസം നേരം പുലരും മുൻപേ ഞാൻ എണീറ്റു. വീടിനു അരികെയുള്ള കാട്ടുചോലയുടെ ഭംഗി ആസ്വദിച്ചു നിൽക്കുമ്പോഴാണ് അവളുടെ കൊലുസിന്റെ ശബ്ദം എന്റെ കാതുകളിൽ മുഴങ്ങിയത്. തിരിഞ്ഞു നോക്കിയപ്പോഴേക്കും അവൾ പോയിക്കഴിഞ്ഞിരുന്നു. ഒരു കൂട്ടു കിട്ടിയ ആവേശത്തോടെ അവളെപ്പറ്റി വല്യമ്മയോട് തിരക്കി.

'ഓ അതോ!നിന്നെപ്പോലെ തന്നെ ഒരു കുറുമ്പത്തിയാ പേര് മാളു. പാല് കൊണ്ടുതരാൻ വന്നതാ'

'കഴിഞ്ഞ വർഷം വന്നപ്പോൾ ഇവിടൊന്നും കണ്ടിട്ടില്ലല്ലോ?

വല്യമ്മയുടെ വാക്കുകളിൽ മാളുവിനോടുള്ള വാത്സല്യം കണ്ട് ചെറിയ അസൂയയോടു കൂടി ഞാൻ ചോദിച്ചു.

'പുതിയതാമസക്കാരാ.ഇപ്പൊ ഇവിടെ വന്നിട്ട് ഏഴെട്ട് മാസായി.അവർക്കു പശുവളർത്തൽ ഉള്ളത് കൊണ്ട് ഇവിടെ ഉള്ളവർക്കു ഇപ്പോ പാലു വാങ്ങാൻ മലയിറങ്ങി താഴെ പോവണ്ട.വലിയ ഉപകാരമായി എന്ന് പറഞ്ഞാൽ മതിയല്ലോ!'

'നല്ല കുട്ടി.നേരം വെളുക്കണത്തിനു മുന്നേ അമ്മയെ സഹായിക്കാൻ ഓടി നടക്കുന്നത് കണ്ടില്ലേ.നീ കണ്ട് പഠിക്ക്'

ഉപദേശിക്കാൻ കിട്ടിയ അവസരം അമ്മ തീരെ പാഴാക്കിയില്ല .അത് കൂടി കേട്ടപ്പോൾ മാളുവിനെപ്പറ്റി തിരക്കണ്ടായിരുന്നുവെന്ന് തോന്നി. പിറ്റേന്ന് രാവിലെ തന്നെ മാളു കുറെ മാമ്പഴങ്ങളുമായി എന്നെ പരിചയപ്പെടാനായി വന്നു.

'തൊടിയിൽ ഉണ്ടായതാ,കഴിച്ചോ,നല്ല രുചിയാ' അവളെന്നോട് പറഞ്ഞു. ഉള്ളിലെവിടെയോ ചെറിയ കുശുമ്പോ ദേഷ്യമോ അവളോട് തോന്നിപ്പോയത് കൊണ്ടാവാം, 'എനിക്ക് വേണ്ട'എന്ന് കണ്ണുമടച്ചു ഞാൻ പറഞ്ഞു കളഞ്ഞു. നീലാകാശം പോലെ തെളിഞ്ഞ അവളുടെ മുഖം പെട്ടെന്ന് മ്ലാനമായി.

'നിനക്ക് വേണ്ടി കൊണ്ട് വന്നതാ' സങ്കടത്തോടെ അവൾ അത് പറഞ്ഞപ്പോൾ പെട്ടെന്ന് എന്നിൽ കുറ്റബോധം നിറഞ്ഞു തുളുമ്പി. ജാള്യതയോടെ ഒരു മാമ്പഴമെടുത്തു കടിച്ചു കൊണ്ട് ഞാൻ ചോദിച്ചു

'നമുക്ക് കളിക്കാം ?'

'അയ്യോ നേരമില്ല.അമ്മ വഴക്ക് പറയും. രണ്ട് വീട്ടിലൂടെ പാലു കൊടുക്കാനുണ്ട്.കുറച്ചു ദൂരമുണ്ട്. ഇപ്പൊ തന്നെ വൈകി. എന്റെ കൂടെ വരുന്നോ നീ? ഇവിടൊക്കെ ചുറ്റി കാണാല്ലോ നിനക്ക്...

അവളുടെ മറുപടി എന്നിൽ നിരാശ ജനിപ്പിച്ചെങ്കിലും അവളുടെ കൂടെ പോകാൻ ഞാൻ തീരുമാനിച്ചു. അമ്മയോട് അനുവാദം വാങ്ങി ഞാൻ അവളോടൊപ്പം നടന്നു. അവൾ സംസാരിച്ചു കൊണ്ടേയിരുന്നു. അവളുടെ കൊലുസിനും സംസാരത്തിനും ഒരേ താളമായിരുന്നു. അവൾക്കു കൂടുതലും പറയാനുള്ളത് അവളുടെ അച്ഛനെ പറ്റിയായിരുന്നു. അഞ്ചു വയസിലാണ് മാളു അവളുടെ അച്ഛനെ അവസാനമായി കണ്ടത്. അവധി കിട്ടാത്തതിനാൽ ജോലി സ്ഥലത്തു നിന്നും വന്നിട്ട് മൂന്നു വർഷമായത്രേ! അച്ഛൻ വരുമ്പോൾ കൊണ്ട് വരാറുള്ള വർണക്കടലാസ്സിൽ പൊതിഞ്ഞ മിഠായികളെയും പുത്തനുടുപ്പുകളെയും പറ്റി അവൾ വാചാലയായി. ഒരു ദിവസം കൊണ്ട് തന്നെ ഞങ്ങൾ ഉറ്റ ചങ്ങാതിമാരായി മാറി. അന്ന് രാത്രി ഉറങ്ങാൻ കിടന്നപ്പോൾ വല്യമ്മ അമ്മയോട് പതിയെ പറഞ്ഞു.

'അയൽവക്കത്തെ മിനിയില്ലേ ? മാളൂന്റെ'അമ്മ. അവളുടെ കാര്യം വലിയ കഷ്ടമാണ്. മൂന്ന് കൊല്ലം മുൻപ് ഭർത്താവുപേക്ഷിച്ചതാണ്. ഇപ്പൊ, കുട്ടികളെ വളർത്താൻ വല്ലാതെ വിഷമിക്കുന്നുണ്ട് പാവം!'

നെഞ്ചിൽ ഒരു വെള്ളിടി വെട്ടിയപോലെ എനിക്ക് തോന്നി. അന്ന് രാത്രി എനിക്കുറങ്ങുവാൻ കഴിഞ്ഞില്ല. ഒന്നുമറിയാതെ, ഓരോ ദിവസവും അച്ഛനെ കാത്തിരിക്കുന്ന മാളുവിന്റെ മുഖം എന്നെ വല്ലാതെ അലട്ടികൊണ്ടേയിരുന്നു. ഒപ്പം നാട്ടിലുള്ള എന്റെ അച്ഛന്റെ അരികിലേക്ക് എത്രയും വേഗം ഓടിയെത്തുവാനുള്ള വെമ്പലും... VK



# അപ്പൂപ്പൻതാടി



ടി.പരമേശ്വരൻ
ജിബൂട്ടി



അപ്പൂപ്പൻതാടികൾ കാണുവാനായവൻ
ഏഴുമലകൾ കയറി
ഏഴുനദികളും പിന്നിട്ടവനൊരു
ഏഴായിരം കാതം താണ്ടി
അപ്പൂപ്പൻതാടികൾ കണ്ടതില്ലവനൊരു
ആകാശനീലിമ കണ്ടതില്ല
അകലേക്ക് നോക്കിയൊരു നെടുവീർപ്പുമായവൻ
തിരികെ നടക്കുവാൻ വെമ്പി
അപ്പൂപ്പൻ താടികൾ വിത്തറ്റുപോയെന്നൊരപ്പൂപ്പനവനോട് ചൊല്ലി
നീയല്ല നിന്നുടെ പൂർവികർ ചെയ്തൊരു
പാപഫലമിതു കുഞ്ഞേ
ആഴിയെ പുൽകുവാൻ വെമ്പുന്ന പുഴകളും
അംബരം മുത്തുന്ന മേടുകളും
ഓർമ്മതൻ തിരശീല തന്നിൽ മറയുവാൻ
കാലമിന്നേറെയില്ലെന്നോമനേ
ആനകേറാമല ആടുകേറാമല
ആമലയീമല പൂമലകൾ
കുഞ്ഞിളമാനുകൾ മേഞ്ഞു നടന്നൊരു
പച്ചവിതാനിച്ച പുൽമേടുകൾ
വെള്ളാരം കല്ലിനെ തഴുകുമ്പോൾ കളകളം
കൊലുസു കിലുക്കുന്ന കാട്ടാറുകൾ
അങ്ങേ മരത്തിൽ നിന്നിങ്ങേ മരത്തിലേക്കൊന്നു കുതിക്കുന്നൊരണ്ണാൻ കുഞ്ഞും
പുസ്തകത്താളിലൊളിക്കുന്ന പൂമയിൽ
പീലിവിരിയ്ക്കുന്നൊരോർമകളും
ഏതോ പുരാതന കഥയിലെ കദനമായ്
മാറുവാൻ ഏറെയില്ലെന്റെ കുഞ്ഞേ
ആകാശഗോപുരം പണിയുവാനായിന്നു
പാടുപെടുന്നവരേറെയുണ്ട്
ആകാശനീലിമ കാണുവാനിന്നാർക്കും
നേരമില്ലോമനേ നേരമില്ല
ഭൂമിതൻ ഹൃദയത്തിൻ ഹരിതാഭ കാണുവാൻ
കാഴ്ച്ചയില്ലിന്നാർക്കുമെന്നോമനേ
ആഴിതൻ ആഴത്തിൽ മുത്ത് തിരയുവാൻ
ആവതില്ലിന്നാർക്കുമെന്നോമനെ
ഭൂമിതൻ ഹൃദയം നിലയ്ക്കാതിരിക്കുവാൻ
വിത്തുവിതയ്ക്കുക പൊൻമകനേ
ഭൂമിയ്ക്കൊരുകുട ചൂടുവാനായൊരു
തൈയ്യു നടുക നീയെന്നുണ്ണിയേ



# ഭൂമി

ഞാൻ സ്നേഹിക്കുന്നവരിൽ ഒരാളൊഴികെ മറ്റുള്ളവരെല്ലാം എനിക്കഭിമുഖമായി പുഞ്ചിരി തൂകി ഇരിക്കുമ്പോൾ ഒരാൾ മാത്രം എന്തേ മുഖം തിരിഞ്ഞിരിക്കുന്നു. എന്നെ മനസിലാക്കുവാൻ ഇനിയും ദിനങ്ങൾ വേണമെന്നോ ? ഒരു പക്ഷെ എന്റെ മരണം കൊണ്ടെങ്കിലും നിന്റെ മുഖം തിരിയുമെങ്കിൽ ഞാനൊരുക്കമാണ്.... എന്തിനെന്നോ നിന്റെ സ്നേഹം അനുഭവിക്കാൻ അങ്ങനെയെങ്കിലും ഞാൻ പറയാതെ നിന്റെ കരങ്ങൾ എന്നെ പുണരുമല്ലോ!

എന്ന് സ്വന്തം
ഭൂമി



അജീഷ് ഡോഡ്ജ്
മൊറോക്കോ



ടി.പി.ഭാസ്കര പൊതുവാൾ
പയ്യന്നൂർ, ഇന്ത്യ



# അമ്മ

ഇളം ചുണ്ടിലാദ്യം
മുലപ്പാലിനൊപ്പം,
കിളിർക്കുന്ന ശബ്ദം,
അതാണെന്റെയമ്മ.
ഇളംപാദമാദ്യം ചവിട്ടുന്ന
നേരം, പതിക്കില്ല താഴെ
പിടിക്കുന്നിതമ്മ,
മടിത്തട്ടിൽ നിന്നും
കളിക്കുന്ന നേരം,
ശഠിക്കുന്ന കുഞ്ഞിൻ
കളിപ്പാട്ടമമ്മ.
തുടിക്കുന്ന വാത്സല്യ
ദുഗ്ദ്ധം കുടിക്കും,
മനസ്സിന്റെ സ്നേഹാർദ്ര
സൗഭാഗ്യമമ്മ.
പിടയ്ക്കുന്ന നെഞ്ചിന്റെ
താളക്രമത്തിൽ,
കിടക്കുന്ന കുഞ്ഞിന്റെ
രോമാഞ്ചമമ്മ.
ഇതാണെന്റെയമ്മ
ഇതാണെന്റെ നന്മ
ഇതാണെന്റെ ധർമ്മം
ഇതാണെന്റെ കർമ്മം
നമിക്കുന്നിതമ്മേ,
ഭജിക്കുന്നിതമ്മേ,
ജപിക്കുന്നിതമ്മേ,
സഹസ്ര പ്രണാമം
സഹർഷ പ്രണാമം.



# വട്ടാവട

മരങ്ങളിൽ മതിലുകളിൽ
മൺകുമ്പാരങ്ങളിൽ
വരാനിരുന്നവർക്കായി നിന്റെ നീരസം
നീ  കുറിച്ചു കൊണ്ടെയിരുന്നു...
വിയർപ്പിന്റെ നഖങ്ങൾ പിച്ചിച്ചീന്തിയ തോൽപുറങ്ങളിൽ
പ്രതീക്ഷയുടെ ചുംബനം നീ പകർന്നു നൽകി.
കാലത്തിനൊത്ത് ലയങ്ങളിലെ
ഇരുണ്ട മുറികളിൽ
ഊർജ്ജത്തിന്റെ ഉറവിടം നീ കണ്ടു.
വട്ടാവടയിലെ വാർദ്ധക്യം വന്ന സത്യങ്ങൾ
വിവസ്ത്രയായി നിന്നെ തുറിച്ചു നോക്കിയിരുന്നു.
വേദന കടിച്ചെമർത്തിയ സ്ത്രീകൾ
അറുതിയില്ലാത്ത പകലുകളിൽ
അസമത്വത്തിന്റെ കയ്പുനീരിറക്കി നിന്നു.
നിമിഷാർധതയിൽ നിണമൂറ്റിയ
നിന്റെ ശത്രുക്കൾ...
വ്യാജോപാസനകളുടെ ആഘോഷങ്ങൾ തീർത്തു.
അവർ ഫുൾസ്ടോപ്പിട്ട  വരികൾക്കപ്പുറവും
മൃത്യു നിന്റെ കവിത രചിച്ചു കൊണ്ടെയിരിക്കുന്നു...
വരാനിരുന്നവർക്കായി നിന്റെ നീരസം
നീ  കുറിച്ചു കൊണ്ടെയിരിക്കുന്നു...



**മണി കുന്നുമ്മൽ**
കെനിയ



**മുഹമ്മദ് സുബൈർ**
ജിദ്ദ, കെഎസ്എ



# കുസൃതി

ഹാ... ഹാ... ചിരിച്ചിടും നമ്മളിൽ
ഹൃദയം തുറന്നു തരും സുഗന്ധം
കസ്തൂരി പോലൊരു വസ്തുവെപോലവേ
ഹി... ഹി... പറഞ്ഞിട്ടും
നമ്മളെന്നും
പരിഹാസ്യരാകും
ഇളം കണ്ണുകൾ
പരിതപിക്കും
ചുടു കണ്ണീരതും
ഉരുകിയൊലിക്കും
തീജ്യോലയാകെ
നമ്മിൽ വളർച്ച
തളിരിടട്ടെ
നമ്മിൽ തളർച്ച തളർന്നിടട്ടെ
ബഹുസ്വരതയേന്തി
മുന്നേറിടാം
നമ്മളെ നാമാക്കുമീ
യാത്രയിൽ






**ജോസെല്ല മരിയ ജോവിൻ**
ബെനിൻ












**ദാവൂദ്**
Std VI,
ക്രസന്റ് പബ്ലിക് സ്കൂൾ,
ആലുവ, ഇന്ത്യ

# വിയന്ന

## സമാനതകളില്ലാത്ത വിശേഷണങ്ങളുടെ ഒരേ ഒരു നഗരം



**വർഗീസ് പഞ്ഞിക്കാരൻ**
ഡബ്ല്യു എംഎഫ്
ഗ്ലോബൽ കോഓർഡിനേറ്റർ,
ഓസ്ട്രിയ

ഡാന്യൂബിന്റെ റാണി, ലോകസംഗീതത്തിന്റെ മൂലനഗരം, സാംസ്കാരികലോകത്തിന്റെ തലസ്ഥാനനഗരി, കൊട്ടാരങ്ങളുടെയും ദേവാലങ്ങളുടെയും ആസ്ഥാനനഗരം, ലോകത്ത് ഏറ്റവും വാസയോഗ്യമായ സംവിധാനങ്ങളുള്ള സ്ഥലം എന്ന ഖ്യാതി കഴിഞ്ഞ പത്തു വർഷം തുടർച്ചയായി നിലനിർത്തുന്ന പട്ടണം, എന്നിങ്ങനെയുള്ള സമാനതകളില്ലാത്ത അനവധി വിശേഷണങ്ങൾ ഉള്ള ലോകത്തെ ഏകനഗരം, യൂറോപ്പിന്റെ ഹൃദയം എന്നറിയപ്പെടുന്ന ഓസ്ട്രിയയുടെ തലസ്ഥാനമായ വിയന്നയാണ്.

### ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം

ഓസ്ട്രിയ എന്ന് ഇന്ന് അറിയപ്പെടുന്ന ഈ രാജ്യത്തിന്റെ ചരിത്രത്തിന് ശിലായുഗത്തോളം പഴക്കമുണ്ട്. എങ്കിലും, ചരിത്രരേഖകൾ ആരംഭിക്കുന്നത് ഏതാണ്ട് ആയിരം വർഷങ്ങൾക്കു മുൻപാണ്. ഓസ്റ്ററിച്ചി എന്ന പേരിലാണ് അന്ന് ഈ രാജ്യം അറിയപ്പെട്ടിരുന്നത്. പന്ത്രണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടം ഹാബ്സ്ബുർഗ് രാജവംശമാണ് ഇവിടെ ഭരിച്ചിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ രാജ്യം ഒരേ സമയം ആസ്ട്രോ പ്രഷ്യൻ സഖ്യരാജ്യമായി മാറി. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഓസ്ട്രോ ഹങ്കേറിയൻ രാജവാഴ്ച നിലവിൽ വന്നു. ഒന്നാം ലോകമഹായുദ്ധത്തോടെ രാജവാഴ്ച അവസാനിക്കുകയും ഓസ്ട്രിയ ഒരു റിപ്പ്ബ്ലിക്കായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഹിറ്റ്ലർ ഓസ്ട്രിയായെ ജർമനിയിൽ ലയിപ്പിച്ചു എങ്കിലും രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം ഓസ്ട്രിയ വീണ്ടും സ്വതന്ത്ര റിപ്പബ്ലിക്കായി നിലവിൽ വന്നു.

വിയന്ന നഗരത്തിന് ഏകദേശം രണ്ടായിരം വർഷത്തെ ചരിത്രം ഉണ്ട്. ഒന്നാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിന്റെ ആധിപത്യകാലത്ത് റോമാക്കാർ ഡാന്യൂബ് നദിക്കരയിൽ താമസമുറപ്പിച്ചിരുന്നു. അന്ന് വിൻഡോബോണ എന്ന പേരിലാണ് വിയന്ന അറിയപ്പെട്ടിരുന്നത്.

### ഏറ്റവും വാസയോഗ്യമായ നഗരം

സുരക്ഷിതത്വം, ശുചിത്വം, വൈവിധ്യമാർന്ന വിനോദോപാദികൾ, സംസ്കാരം, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ന്യായമായ ജീവിതച്ചിലവ്, പൊതുയാത്ര സംവിധാനങ്ങൾ, സംസ്കാരം, സുഖപ്രദമായ പാർപ്പിട സൗകര്യങ്ങൾ എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ ഈ നഗരം പുലർത്തുന്ന ഉന്നത നിലവാരത്തെ പരിഗണിച്ചാണ് സൂറിച്ച് ആസ്ഥാനമായുള്ള അന്തർദ്ദേശീയ സ്ഥാപനമായ മേസർ ഇൻസ്റ്റിറ്റ്യൂട്ട് ലോകത്തെ ഏറ്റവും നല്ല വാസയോഗ്യമായ നഗരം എന്ന ബഹുമതി തുടർച്ചയായി കഴിഞ്ഞ പത്തു വർഷം വിയന്നയ്ക്ക് നൽകുന്നത്.

### ഓസ്ട്രിയായുടെ, വിയന്നയുടെ പ്രശസ്ത മക്കൾ

വിശ്വപ്രസിദ്ധരായ അനേകം സംഗീതജ്ഞരുടെ പാദസ്പർശനമേറ്റ് പുളകിതമായ സൈകതപരപ്പാണ് വിയന്ന നഗരത്തിലുള്ളത്. വോൾഫ്ഗാങ് അമദേയൂസ് മൊസാർട്ട്, ജോസഫ് ഹൈഡൻ, ഗുസ്താവ് മഹ്ലെർ, അർണോൾഡ് ഷോൻബെർഗ്, ആന്റോൺ ബ്രൂക്ക്നർ, ഫ്രാൻസ് ഷുബെർട്, ജോഹൻ സ്ട്രൗസ്സ്, ഹെർബെർട് ഫോൻ കാരാജൻ എന്ന് പേരുള്ള ലോകോത്തര സംഗീതസംഘപ്രമാണി തുടങ്ങിയ അനേകം സംഗീതജ്ഞരുടെ സംഭാവനകൾ വിയന്നയെ സംഗീത ലോകത്തിന്റെ തലസ്ഥാനനഗരിയാക്കി.

ലോകോത്തര ശാസ്ത്രജ്ഞന്മാരായ ഏൺസ്റ് മാഹ്, ലുഡ്വിഗ് ബോൾട്സ്മാൻ, കോൺറാഡ് ലോറൻസ്, എർവിൻ ഷ്റോയ്ഡിൻഗർ, തത്വശാസ്ത്രജ്ഞന്മാരായ ലുഡ്വിഗ് വിറ്റ്ഗെൻസ്റ്റെയ്ൻ, മാർട്ടിൻ ബൂബർ, പ്രശ്സത സൈക്കോളജിസ്റ് ആയ സിഗ്മണ്ട് ഫ്രോയ്ഡ്, എഴുത്തുകാരായ ജോസഫ് റോത്, സ്റ്റീഫൻ ട്സവൈഗ് എന്നിവരും ഓസ്ട്രിയായുടെ മഹാന്മാരായ മക്കൾ ആണ്.

### പരിസ്ഥിതിസംരക്ഷണം


തികച്ചും ഹരിതമയമാണ് വിയന്ന നഗരം. കൃത്യമായ, ചിട്ടയായരീതിയിലുള്ള മാലിന്യ നിർമാർജ്ജനം, പരിസ്ഥിതി സംരക്ഷണം, മലിനജലശുദ്ധീകരണം എന്നീ കാര്യങ്ങളിൽ വിയന്ന ഭരണകൂടം അതീവ ശ്രദ്ധ ചെലുത്തുണ്ട്. അഴുക്കുചാലിലൂടെ പുറത്തേക്ക് ഒഴുകിയെത്തുന്ന മലിനജലം ഘട്ടം ഘട്ടമായി ശുദ്ധീകരിച്ച് ഡാന്യൂബ് നദിയിലേക്ക് വീണ്ടും ഒഴുക്കിവിടുന്നു. ഓരോ ദിവസവും ഒരുമണിക്കൂർ ഇടവിട്ട് അന്തരീക്ഷമലിനീകരണത്തിന്റെ അളവ് തിട്ടപ്പെടുത്താൻ നഗരത്തിൽ പതിനേഴു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

> **വിയന്നയിലെ ആരോഗ്യ പരിപാലന രംഗത്തെ സംവിധാനങ്ങൾ അന്താരാഷ്ട്രതലത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന രീതിയിലുള്ളതാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും അനവധി ആസ്പത്രികൾ വിയന്നയിൽ ഉണ്ട്**

ജൈവമാലിന്യസംസ്ക്കരണം വഴി വൈദ്യുതി ഉല്പാദിപ്പിക്കുന്ന യൂറോപ്പിലെ ഏറ്റവും വലിയ ഊർജ്ജനിലയം ഇവിടെയാണ് പ്രവർത്തിക്കുന്നത്. മാലിന്യനിർമാർജ്ജനത്തിനും സംസ്ക്കരണത്തിനും നഗരസഭാധികൃതരും പൗരന്മാരും കാണിക്കുന്ന ഉത്തരവാദിത്വം വിയന്ന നഗരത്തെ ലോകത്തിലെ തന്നെ ഏറ്റവും ശുചിത്വമുള്ള നഗരങ്ങളിൽ ഒന്നാക്കി നിലനിർത്തുന്നു. വൈദ്യുതി മോട്ടോർ വാഹനങ്ങൾക്കു സൗജന്യമായി ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നഗരത്തിന്റെ അനേകം സ്ഥലങ്ങളിൽ സ്ഥാപിച്ചുകൊണ്ട് അന്തരീക്ഷമലിനീകരണം കുറയ്ക്കാനും ഭരണകൂടം ശ്രദ്ധിക്കുന്നുണ്ട്.

### സംഗീത കലാ പ്രേമികൾക്കായി

വിയന്ന മ്യൂസിയങ്ങളുടെയും നാടകശാലകളുടെയും സംഗീതാലയങ്ങളുടെയും കായികാഭ്യാസകേന്ദ്രങ്ങളുടെയും നഗരം കൂടിയാണ്. ആയിരത്തി എണ്ണൂററി അറുപത്തി ഒന്നിൽ സ്ഥാപിതമായ ഇവിടുത്തെ സ്റ്റേറ്റ് ഓപ്പറ ലോകപ്രശ്സ



തമാണ്. വിയന്ന സന്ദർശിക്കുന്നവർ ഓപ്പറാ കാണാതെ പോകാറില്ല. ഓപ്പറ കേന്ദ്രമാക്കി വിയന്ന ഫിൽഹർമോണിക് ഓർകെസ്ട്ര' എന്ന പേരിൽ വാദ്യമേളക്കാരുടെ ലോകപ്രശസ്തമായ ഒരു സംഘം കൂടി ഇവിടെയുണ്ട്.

ഡോണൗഫെസ്റ് എന്നറിയപ്പെടുന്ന ലോകത്തിലെ ഏറ്റവും വലിയ ഓപ്പൺ എയർ സംഗീതമേള എല്ലാവർഷവും ജൂൺ മാസത്തിൽ ഡാന്യൂബ് നദിയിലെ 1988ഇൽ പണിതീർത്ത കൃത്രിമ ദ്വീപിൽ അരങ്ങേറുന്നുണ്ട്.



## വാസ്തുശില്പ ചരിത്രം നൂറ്റാണ്ടുകളിലൂടെ

നൂറ്റാണ്ടുകളുടെ ദൈർഘ്യമുള്ള വാസ്തുശില്പ കലയുടെ കൈയ്യൊപ്പ് പതിഞ്ഞ മനോഹര സൗധങ്ങളുടെ നീണ്ട നിരകളാണ് ഇവിടുത്തെ കൊട്ടാരങ്ങളും ദേവാലയങ്ങളും രമ്യഹർമ്മ്യങ്ങളും. ചരിത്രപ്രസിദ്ധവും പുരാതനവും മനോഹരവുമായ അനേകം ദേവാലയങ്ങളുടെ നഗരം കൂടിയാണ് വിയന്ന. നഗരത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന സെന്റ് സ്റ്റീഫൻസ് കത്തിഡ്രലിന് ഏതാണ്ട് ആയിരം വർഷം പഴക്കമുണ്ട്. പ്രോട്ടസ്റ്റന്റ് ദേവാലയങ്ങൾ, സിനഗോകുകൾ, മോസ്ക്കുകൾ, ക്ഷേത്രങ്ങൾ, ഗുരുദ്വാരകൾ തുടങ്ങിയ വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളും ഇവിടെയുണ്ട്.

## ഓസ്ട്രിയയിൽത്തന്നെ അന്താരാഷ്ട്ര രംഗം

ഐക്യരാഷ്ട്ര സഭയുൾപ്പെടെ അനേകം അന്താരാഷ്ട്ര സംഘടനകളുടെ ആസ്ഥാനങ്ങളും ഓഫീസുകളും വിയന്നയിൽ ഉണ്ട്. അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി, ഐക്യരാഷ്ട്ര വ്യവസായ വികസന സംഘടന, ആണവ നിർവ്യാപന സംഘടന, പെട്രോളിയം ഉത്പാദന രാജ്യങ്ങളുടെ സംഘടന എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. ശീതസമരകാലം മുതൽ വിയന്ന അന്താരാഷ്ട്ര തലത്തിൽ കിഴക്കു പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളുടെ സംഘർഷാവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള സന്ധിസംഭാഷണങ്ങളുടെ സിരാകേന്ദ്രമായിരുന്നു.

## പൊതുജനങ്ങൾക്ക് അറിവിന്റെ കവാടങ്ങൾ

അനേകം കാഴ്ചബംഗ്ലാവുകളും പുരാവസ്തു പ്രദർശനശാലകളും വിയന്നയിൽ ഉണ്ട്. ലോകപ്രശസ്ത കലാകാരന്മാരായ ഗുസ്താവ് ക്ലിന്റ്, ഈഗോൺ ഷീലെ, ആൽബ്രെക്ട് ഡ്യൂറർ തുടങ്ങി സമകാലീന കലാകാരന്മാരുടെ ചിത്രങ്ങളും കലാരൂപങ്ങളും ഇവിടെ കാണാൻ കഴിയും. ബെൽവെദെരെ, ആർട്ട് ഹിസ്റ്ററി മ്യൂസിയം, ആൽബെർട്ടിന, ലെയോപ്പോൾട് മ്യൂസിയം, കുൺസ്റ്റ് ഹൗസ് വീൻ, നാച്ചറൽ ഹിസ്റ്ററി മ്യൂസിയം, മ്യൂസിയം ഓഫ് മോഡേൺ ആർട്ട് എന്നിങ്ങനെ അനേകം മ്യൂസിയങ്ങൾ ഈ നഗരത്തിൽ സ്ഥിതി ചെയ്യുന്നു.



## പൊതുജനങ്ങൾക്ക് ഉല്ലാസം

അവധി ദിവസങ്ങൾ കുടുംബത്തോടൊപ്പം ചെലവഴിക്കാനും ഉല്ലസിക്കാനും വേണ്ടി അനേകം ഉദ്യാനങ്ങൾ വിയന്നയിൽ ഉണ്ട്. ലൈൻസ് റ്റിയർഗാർട്ടൻ, ഷ്ലോസ് പാർക്ക് ഷെൻബ്രൂൺ, ഔഗാർട്ടൻ, പ്രാത്തർ, ഡോണൗവ്പാർക്ക് എന്നിവയാണ് ഇവിടുത്തെ പ്രധാന ഉദ്യാനങ്ങൾ. ഏറെ ഗതാഗതം ഉണ്ടായിരുന്ന ചില റോഡുകൾ പോലും പൊതുജനങ്ങളുടെ ഉല്ലാസരംഗങ്ങളായി മുഴുവനായോ ഭാഗികമായോ നടപ്പാതകളാക്കി മാറ്റി എന്നത് സ്തുത്യർഹമാണ്.

## ശുദ്ധജലം

വിയന്നയ്ക്ക് ദിവസേന നാലുകോടി ലിറ്റർ വെള്ളം ആവശ്യമുണ്ട്. നഗരത്തിൽ ലഭിക്കുന്ന വെള്ളം മുഴുവനും ശുദ്ധജലം, അഥവ പാനയോഗ്യമാണ്. വിയന്നയിൽ നിന്നു നൂറ്റി ഇരുപതു കിലോമീറ്റർ അകലെയുള്ളതും രണ്ടായിരത്തി എഴുപത്തിയാറു



മീറ്റർ ഉയരമുള്ളതുമായ ഷെനെ ബെർഗ് എന്ന ആൽപ്സ് പർവ്വതനിരകളിൽ ഒന്നിൽ നിന്നു മുപ്പത്തിയാറു മണിക്കൂർ സമയം എടുത്ത് ഒഴുകിയെത്തുന്ന ഹിമപാളികൾ ഉരുകി ഉണ്ടാകുന്ന ശുദ്ധജലം ജലപമ്പുകളുടെ സഹായം പോലുമില്ലാതെയാണ് വിതരണം ചെയ്യപ്പെടുന്നത്.

## യാത്രാസൗകര്യങ്ങൾ

നിലവിൽ അഞ്ചു ഭൂഗർഭ തീവണ്ടികൾ ഈ നഗരത്തിൽ ഉണ്ട്. ഇതിനു പുറമേ, ബസ്, ട്രാം, നഗരപ്രാന്തങ്ങളെ ബന്ധിപ്പിക്കുവാൻ പ്രത്യേക തീവണ്ടികൾ എന്നിവ ഉൾപ്പെടുന്ന വലിയ ഗതാഗത സംവിധാനങ്ങളാണ് ഇവിടെ ഉള്ളത്. പൊതു ഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കുവാനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി യൂറോപ്പിലെ തന്നെ ഏറ്റവും മിതമായ യാത്ര നിരക്കാണ് യാത്രക്കാരിൽ നിന്നും ഭരണകൂടം ഈടാക്കുന്നത്. നഗരത്തിലെ ഭൂരിപക്ഷം വീഥികൾക്കും സമാന്തരമായി സൈക്കിൾ യാത്രക്കാർക്കായി മാത്രം ആയിരത്തിഇരുനൂറ് കി. മി. നീളമുള്ള പ്രത്യേക സൈക്കിൾ പാതയുണ്ട്.

## ആരോഗ്യരംഗം

വിയന്നയിലെ ആരോഗ്യ പരിപാലന രംഗത്തെ സംവിധാനങ്ങൾ അന്താരാഷ്ട്രതലത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന രീതിയിലുള്ളതാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും അനവധി ആസ്പത്രികൾ വിയന്നയിൽ ഉണ്ട്. വൃദ്ധജനങ്ങളെ പരിചരിക്കാൻ വേണ്ടി അനവധി വൃദ്ധമന്ദിരങ്ങൾ പൊതുസ്വകാര്യ മേഖലയിൽ ഇവിടെ പ്രവർത്തിക്കുന്നു. ആതുരശുശ്രുഷാരംഗത്ത് മലയാളി നേഴ്സുമാരുടെ സേവനങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്.

## 'ഗോഡ്സ് ഓൺ ലാൻഡ്,' ഗോഡ്സ് ഓൺ പീപ്പിൾ'

വൻ മലകളാലും കായലുകളാലും നദികളാലും വനങ്ങളാലും അനുഗൃഹീതമായ, പ്രകൃതിസൗന്ദര്യം തുളുമ്പുന്ന ഓസ്ട്രിയ 'ഗോഡ്സ് ഓൺ ലാൻഡ് തന്നെ. ആറായിരത്തോളം മലയാളികൾക്ക് പുതിയൊരു ജന്മം നൽകിക്കൊണ്ടിരിക്കുന്ന നാടാണ് ഓസ്ട്രിയ, പ്രത്യേകിച്ചു തലസ്ഥാനനഗരം വിയന്ന. ഇവിടുത്തെ ജനങ്ങളോ പൊതുവെ 'ഗോഡ്സ് ഓൺ പീപ്പിൾ'. ആയിരത്തിത്തൊള്ളായിരത്തി അറുപതു മുതൽ മലയാളികളെ സ്വീകരിച്ചു തുടങ്ങിയ ഈ നാട് അഭയാർത്ഥികളേയും പുതിയൊരു ജന്മം ആശിച്ചവരെയും സ്വാഗതം ചെയ്യുന്ന കാര്യത്തിൽ യൂറോപ്പിൽ ഏറ്റവും മുൻപന്തിയിൽ തന്നെ നില്കുന്നു. രണ്ടായിരത്തി പതിനാറിലെ ശരത്കാലത്ത് വേൾഡ് മലയാളീ ഫെഡറേഷന്റെ ആദ്യത്തെ നാഷണൽ യുണിറ്റ് സ്ഥാപിക്കപ്പെട്ടതും ആദ്യത്തെ ഗ്ലോബൽ കൺവെൻഷൻ നടന്നതും, സംഘടനയുടെ മുഖ്യആസ്ഥാനം സ്ഥിതിചെയ്യുന്നതും, വിയന്നയിൽ ആണ് എന്ന് അഭിമാന പൂർവം സൂചിപ്പിച്ചുകൊള്ളട്ടെ!

സമാനതകളില്ലാത്ത അനേകം വിശേഷണങ്ങളുടെ ഒരു സംഗമ നഗരം തന്നെ ആണ് വിയന്ന. വയലാർ ഈ നഗരത്തിലാണ് ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹം തീർച്ചയായും ഇങ്ങനെ എഴുതുമായിരുന്നു: 'ഈ മനോഹര നഗരത്തിൽ തരുമോ ഇനിയൊരു ജന്മം കൂടി'. VK



# മസ്കറ്റിൽ നിന്നും യൂറോപ്പിലേക്ക് ഒരു യാത്ര

**രാജൻ വി കോക്കൂരി**
ഒമാൻ

മസ്കറ്റിൽ നിന്നും സ്വിറ്റ്സർലണ്ടിലെ ഏറ്റവും പ്രധാന നഗരമായ സൂറിച്ചിൽ ആണ് ആദ്യം ഞങ്ങൾ എത്തിയത്. നേരത്തെ ഇന്റർനെറ്റ് വഴി അഞ്ചു ദിവസം സ്വിറ്റസർലണ്ടിൽ എവിടെയും ബസ്സിലോ, ട്രാമിലോ, ട്രെയിനിലോ സഞ്ചരിക്കുവാനുള്ള റെയിൽ പാസ്സ് വാങ്ങിയിരുന്നു. അത് വളരെ ഉപകാരപ്പെട്ടു. Zuri Fascht The Ctiy Festival in Zurich മൂന്നു വർഷത്തിൽ ഒരിക്കൽ ആഘോഷിക്കുന്ന ഫെയർ ഉണ്ടെന്നറിഞ്ഞതിനാൽ കാണാൻ പോയതായിരുന്നു. അന്നത്തെ പ്രധാന പരിപാടി St.Gallan എന്ന ചെറുനഗരം കാണുകയയിരുന്നു. മനോഹരമായ വഴികളിലുടെ കുറെ ദുരം ട്രെയിനിൽ സഞ്ചരിച്ചപ്പോഴാണ് എന്തിനാണ് ഇത്ര അധികം ജനങ്ങൾ ഈ സ്ഥലത്തേക്കു വരുന്നത് എന്നു മനസ്സിലായത്. ഞാൻ അനിതയോടപ്പം മുകളിലെ ടെക്കിലാണ് അടുത്ത Lake Constance കാണാൻ യാത്ര തുടർന്നത്. പെട്ടന്ന് ഇടതു വശത്തുള്ള തടാകം കണ്ടപ്പോൾ ഓടി ഇറങ്ങി. ഞങ്ങൾ ഇറങ്ങിയ ഉടനെ ട്രെയിൻ മുന്നോട്ട് പോയി. ഈ സമയത്തു ഞങ്ങളുടെ കൈവശമുണ്ടായിരുന്ന ടാബ് എടുക്കാൻ മറന്നു പോയി. ആദ്യ ദിവസമായതിനാൽ ടാബിനകത്തു ഫോട്ടോകൾ കുറവായിരുന്നു. ഈ ട്രെയിൻ രണ്ടു സ്റ്റേഷൻ വരെ പോയി തിരിച്ചുവരുമെന്നു പറഞ്ഞതിനാൽ കുറച്ചു നേരം അവിടെ കാത്തുനിന്നു. ഒന്ന് രണ്ടു ഡബിൾ ഡെക്കർ ട്രെയിൻ വന്നെങ്കിലും അതിൽ ടാബ് തിരഞ്ഞു. അതു കിട്ടിയില്ല. സ്വിറ്റ്സർലൻഡിന്റെ തലസ്ഥാനമായാ Bern വഴി വളരെ പ്രകൃതി രമണീയമായ വഴിയിലൂടെ ട്രെയിൻ കുതിച്ചു പാഞ്ഞു. വെട്ടി നിരത്തിയാൽ പോലും നമുക്കുണ്ടാക്കാൻ പറ്റാത്ത പുൽത്തകിടികളും പശുക്കളും, തടാകങ്ങളും ഒന്നിനൊന്ന് മെച്ചം എന്ന് തോന്നുന്നതായിരുന്നു. ലൗസനെ എന്ന ലോകത്തെ തന്നെ ഏറ്റവും മനോഹരമായ സിറ്റിയിലൂടെ ട്രെയിൻ മുന്നോട്ടു ഓടി. എല്ലായിടവും ഒരു പച്ച പരവതാനി വിരിച്ചപോലെ തോന്നും. എത്ര കണ്ടാലും കണ്ണിനു തൃപ്തി വരില്ല എന്ന തോന്നലായിരുന്നു. Lausane നിന്ന് തുടങ്ങിയാൽ വഴിയുടെ ഒരുവശം ജനീവ നഗരവും മറുവശത്തു Moutnreux എന്ന ചെറു പട്ടണവുമാണ്. ഇവയ്ക്കു മധ്യത്തിലാണ് Lake Lemon എന്ന വളരെ മനോഹരമായ തടാകം.

അടുത്ത ദിവസമായിരുന്നു ഏറ്റവും പ്രധാനപ്പെട്ട 'ടോപ് ഓഫ് യൂറോപ്പ് Jungfraujoch' എന്ന സ്ഥലത്തേക്കുള്ള യാത്ര. സൂറിച്ചിൽ നിന്നും ട്രെയിനിൽ ഇന്റർലേക്കെൻ വഴി പോകണം. Kleine Scheidegg എന്ന സ്ഥലത്ത് എത്തിയ ശേഷം കുറെ നേരം കാത്തു നിന്നാണ് 33,000 അടി ഉയരത്തിലുള്ള ജംഗ്ഫ്രുജോക് എന്ന ആൽപ്സനിരകളിൽ ഒന്നിന്റെ മുകളിക്ക് പുറപ്പെട്ടത്. ഏകദേശം ഒൻപതു കിലോമീറ്റർ ദൂരമുള്ള യാത്ര അധികവും ആൽപ്സ് പർവതത്തിന്റെ അടിയിലുള്ള ഒരു തുരങ്കത്തിലൂടെ ആയിരുന്നു. പോകുന്ന വഴിയിൽ രണ്ടു സ്റ്റേഷനിൽ ട്രെയിൻ നിറുത്തി കാഴ്ചകൾ കാണിക്കും. മുകളിൽ എത്തിയപ്പോൾ ശ്വാസം മുട്ടുന്ന തരത്തിലുള്ള തണുപ്പാണ്




അവിടെയുള്ള സ്റ്റേഷന് പുറത്തും ഐസ് ഉള്ള സ്ഥലത്തും കണ്ടത്. എല്ലാം കണ്ട് ലിൻഡ ചോക്ലേറ്റ് ഔട്ലെറ്റിൽ വന്ന് കുറച്ചു മധുരം കഴിച്ചപ്പോളാണ് ആശ്വാസമായത്. തിരിച്ചുള്ള യാത്ര പനോരാമിക് വ്യൂ കണ്ടു രസിക്കാൻ മറ്റൊരു പ്രശസ്ത നഗരം ലുസിൺ വഴി ആക്കി. ഒരു പാട് തടാകങ്ങളും വളരെ ഉയരത്തിലുള്ള പാലങ്ങളും വഴിനീളെ കണ്ണിന് ആനന്ദം തന്നു കൊണ്ട് സമയം പോയതറിഞ്ഞില്ല. പിറ്റേ ദിവസം ട്രെയിൻ വഴി Schaffhausen സ്റ്റേഷനിൽ ഇറങ്ങി. മനോഹാരമായ Rhine വെള്ളച്ചാട്ടവും ജർമനിയിലെ വളരെ പേരുകേട്ട ബ്ലാക്ക് ഫോറെസ്റ് എന്ന സ്ഥലവും അതിനടുത്താണ് എന്ന വിവരം അറിഞ്ഞത്. പോകുന്ന വഴിയിൽ രണ്ടു സ്റ്റേഷനിൽ ട്രെയിൻ നിറുത്തി കാഴ്ചകൾ കാണിക്കും. മുകളിൽ എത്തിയപ്പോൾ ശ്വാസം മുട്ടുന്ന തരത്തിലുള്ള തണുപ്പാണ് അവിടെയുള്ള സ്റ്റേഷന് പുറത്തും ഐസ് ഉള്ള സ്ഥലത്തും കണ്ടത്. എല്ലാം കണ്ട് ലിൻഡ ചോക്ലേറ്റ് ഔട്ലെറ്റിൽ വന്ന് കുറച്ചു മധുരം കഴിച്ചപ്പോളാണ് ആശ്വാസമായത്. തിരിച്ചുള്ള യാത്ര പനോരാമിക് വ്യൂ കണ്ടു രസിക്കാൻ മറ്റൊരു പ്രശസ്ത നഗരം ലുസിൺ വഴി ആക്കി. ഒരുപാട് ബാക്കിയുള്ള തടാകങ്ങളും വളരെ ഉയരത്തിലുള്ള പാലങ്ങളും വഴിനീളെ കണ്ണിന് ആനന്ദം തന്നു കൊണ്ടേ സമയം പോയതറിഞ്ഞില്ല.





പിറ്റേ ദിവസം ട്രെയിൻ വഴി Schaffhausen സ്റ്റേഷനിൽ ഇറങ്ങി. മനോഹാരമായ Rhine വെള്ളച്ചാട്ടവും ജർമനിയിലെ വളരെ പേരുകേട്ട ബ്ലാക്ക് ഫോറെസ്റ് എന്ന സ്ഥലവും അതിനടുത്താണ് എന്ന വിവരം അറിഞ്ഞത്. ഇനി ഒരു പക്ഷെ ജീവിതത്തിൽ വരാൻ പറ്റിയില്ലെങ്കിലോ എന്ന് ഓർത്തതുകൊണ്ടു ജർമൻ ട്രെയിനിൽ കുറെ പണിപ്പെട്ട് ടിക്കറ്റെടുത്തു. വളരെ മനോഹരമായ ബ്ലാക്ക് ഫോറെസ്റ് കാടുകൾ. കുറച്ചു ദൂരം പോയപ്പോൾ എന്തോ സംശയം തോന്നി. അടുത്തിരുന്ന ഇന്ത്യൻ എന്ന് തോന്നിക്കുന്ന ആളോട് ഇറങ്ങേണ്ട സ്റ്റേഷനെ കുറിച്ച് ചോദിച്ചു. അയാൾ ഒരു പാകിസ്താനിയായിരുന്നു. ഞങ്ങൾ ഇറങ്ങേണ്ട സ്റ്റേഷൻ കഴിഞ്ഞു എന്നും അടുത്ത സ്റ്റേഷനിൽ അയാളുടെ കൂടെ ഇറങ്ങണമെന്നും പറഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ അയാളെ പിന്തുടർന്നു. അവിടെ നിന്ന് കുറച്ചു ദൂരം യാത്ര ചെയ്ത് Frieberg എന്ന സ്ഥലത്തെത്തി. അയാൾ അതിനിടെ ഞങ്ങളെ എങ്ങിനെ സൂറിച്ചിലേക്കു എത്തിക്കാം എന്ന തിരിക്കുകയായിരുന്നു. ആമലെഹൽ എത്തി സൂറിച്ചിലേക്കുള്ള അവസാനത്തെ ട്രെയിനിൽ ICE High Speed Train ഇരുന്നപ്പോഴാണ് ഞങ്ങൾക്ക് സമാധാനമയത്. സമയത്തു ഉപകരിച്ച പാകിസ്താനി സഹോദരന് നന്ദി പറഞ്ഞു എല്ലാ ദൈവങ്ങളെയും മനസ്സിൽ വിളിച്ചു സൂറിച്ചിൽ വളരെ വൈകിയാണെങ്കിലും എത്തി. എനിക്ക് നിങ്ങളോടെല്ലാം പറയാനുള്ളത്. ജീവതം ഒന്നേ ഉള്ളു. അതാസ്വദിച്ചു സന്തോഷത്തോടെ ജീവിച്ചു ഈ സുന്ദരമായ ലോകത്തു നിന്നും നമുക്ക് നീണ്ട യാത്ര പോകാം. VK

# ഇന്ത്യൻ വിദ്യാർത്ഥികളെ കാത്തു ഫ്രാൻസ്

**വിദേശ വിദ്യാഭ്യാസ നയത്തിൽ കൈകോർത്ത് ഇൻഡോഫ്രഞ്ച് ഉഭയകക്ഷി ഉടമ്പടി**



**ജോബി ആന്റണി**
ഓസ്ട്രിയ



വിദേശ വിദ്യാഭ്യാസ രംഗത്ത് മികച്ച സാധ്യതകളുമായി പടിഞ്ഞാറൻ യൂറോപ്പിലെ പ്രമുഖ രാജ്യമായ ഫ്രാൻസ്. അടുത്ത കാലത്ത് അരക്കിട്ടുറപ്പിച്ച ഇൻഡോഫ്രഞ്ച് ഉഭയകക്ഷി കരാർ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഏറെ ഗുണം ചെയ്യുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളെ സ്വീകരിക്കുന്ന കാര്യത്തിൽ ഇരു രാജ്യങ്ങളും ശ്രദ്ധേയമായ ചുവടുവയ്പുകളാണ് നടത്തിയിരിക്കുന്നത്.

ആധുനിക നൂറ്റാണ്ടിലെ രാജ്യാന്തര വേദികളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഫ്രാൻസ് ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥകളിലൊന്നും യൂറോപ്യൻ യൂണിയനിലെ ഏറ്റവും വലിയ രാജ്യവുമാണ്. ഹെക്സഗൺ എന്ന് വിളിപ്പേരുള്ള ഈ മഹാരാജ്യത്തിന്റെ അതിർത്തിയിൽ ബെൽജിയം, ലക്സംബർഗ്, ജർമ്മനി, സ്വിറ്റ്സർലൻഡ്, ഇറ്റലി, മൊണാക്കോ, അൻഡോറ, സ്പെയിൻ എന്നീ രാജ്യങ്ങൾ സ്ഥിതിചെയ്യുന്നു.

പ്രണയത്തിന്റേയും കലാസാഹിത്യങ്ങളുടേയും കേന്ദ്രസ്ഥാനമായി അറിയപ്പെടുന്ന പാരിസാണ് ഫ്രാൻസിന്റെ തലസ്ഥാന നഗരം. ലോകത്തിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രമായ ഈ നഗരം പ്രമുഖ വ്യാപാര, സാംസ്കാരിക കേന്ദ്രവും, രാഷ്ട്രീയം, വിദ്യാഭ്യാസം, വിനോദം, വാർത്താമാദ്ധ്യമം, ഫാഷൻ, ശാസ്ത്രം എന്നീ രംഗങ്ങളിൽ വിഖ്യാതവുമാണ്. 2018ൽ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ച് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പഠനസൗകര്യങ്ങൾ നൽകുന്നതിൽ ഉരുത്തിരിഞ്ഞ ഇൻഡോഫ്രഞ്ച് സൗഹൃദം 2018 അവസാനത്തോടെ എത്തിനിൽക്കുന്നത് എണ്ണായിരം ഇന്ത്യൻ വിദ്യാർഥികളിലാണ്.

ഇൻഡോഫ്രഞ്ച് സൗഹൃദത്തിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം ഇരുരാജ്യങ്ങളും അവരവരുടെ അക്കാദമിക് യോഗ്യതകളെ പരസ്പരം അംഗീകരിക്കാൻ തയ്യാറായി എന്നതാണ്. 2018ൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്റോണിന്റെ ആദ്യ സന്ദർശന വേളയിൽ ഈ കാര്യങ്ങളിൽ ഒപ്പുവെച്ച ധാരണാപത്രം ഇതിനോടകം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇരു രാജ്യങ്ങളുടെയും സർവകലാശാല, ശാസ്ത്ര, സാങ്കേതിക സഹകരണത്തിനായുള്ളതാണ് ഈ ധാരണാപത്രം. ഇന്ത്യ ഇത്തരത്തിൽ ഒപ്പ് വയ്ക്കുന്ന ആദ്യ ഇന്റർ ഗവൺമെന്റൽ ഉടമ്പടി കൂടിയാണിത്.

വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസവും ശാസ്ത്രീയ സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന ഫ്രാൻസ്, ആഗോളതലത്തിൽ ഏറ്റവും കൂടുതൽ വിദേശ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്ന മൂന്നാമത്തെ രാജ്യമാണ്. ഇപ്പോൾ ഫ്രാൻസിൽ 250,000ത്തിലധികം അന്തർദേശീയ വിദ്യാർത്ഥികൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വാസ്തവത്തിൽ, ഫ്രഞ്ച് സർവകലാശാലകളിൽ ചേരുന്നവരിൽ 10% അന്തർദ്ദേശീയ വിദ്യാർത്ഥികളാണ്. ഇവരിൽ ഭൂരിഭാഗവും ഉയർന്നതലത്തിൽ (മാസ്റ്റേഴ്സ്, ഡോക്ടറൽ) പഠിക്കുന്നു.

ഉന്നത വിദ്യാഭ്യാസം കൂടുതലും ഇംഗ്ലീഷ് മാധ്യമത്തിൽ നടക്കുന്നതുകൊണ്ടു കഴിഞ്ഞ വർഷങ്ങളിൽ വിദ്യാർത്ഥികളുടെ വരവിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കി. 2020ഓടെ 10,000 ഇന്ത്യൻ വിദ്യാർത്ഥികൾ ഫ്രാൻസിൽ എത്തിച്ചേരുമെന്ന ഫ്രഞ്ച് പ്രസിഡന്റിന്റെ ലക്ഷ്യം 2019 അവസാനത്തോടെതന്നെ ഫലമണിയുന്ന പ്രവണതയാണ് ഇപ്പോൾ നിലനിൽക്കുന്നത്.

ഇന്ത്യൻ വിദ്യാർത്ഥികൾക്കായി ഫ്രഞ്ച്എംബസി വളരെ ആകർഷകമായ വിസ പോളിസിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ബിരുദാനന്തര പഠനം പൂർത്തിയാക്കിയ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഫ്രാൻസിൽ 2 വർഷത്തെ തൊഴിൽ വിസയ്ക്കുള്ള അവസരവും ഉണ്ട്. കൂടാതെ, സർക്കാർ അംഗീകൃത ഫ്രഞ്ച് സ്ഥാപനങ്ങളിൽ നിന്ന് ഉയർന്ന ബിരുദമോ ബിരുദാനന്തര ബിരുദമോ നേടിയ എല്ലാ ഇന്ത്യൻ പൂർവ്വ വിദ്യാർത്ഥികൾക്കും 5 വർഷത്തെ ഹ്രസ്വകാല വിസയ്ക്ക് അർഹത നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന അഞ്ഞൂറിലധികം ഫ്രഞ്ച് കമ്പനികൾ 3,50,000ൽ അധികംപേർക്ക് തൊഴിൽ നൽകുന്നുണ്ട്. ഫ്രഞ്ച് ബിരുദമുള്ള ഇന്ത്യൻ പൂർവ്വ വിദ്യാർത്ഥികൾ മാതൃ രാജ്യത്ത് തിരിച്ചെത്തിയാൽ ഈ കമ്പനികൾ അവരെ ഇരുകയ്യും നീട്ടി സ്വീകരിക്കാനും മനസ്സ് കാണിച്ചിട്ടുണ്ട്. അതേസമയം ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രതിവർഷം 500 സ്കോളർഷിപ്പുകളിലായി 7 കോടി രൂപ (ഏകദേശം 1 ദശലക്ഷം യൂറോ) ഫ്രഞ്ച് സർക്കാർ വകയിരുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത് വർദ്ദിപ്പിക്കാനും സർക്കാരിന് പദ്ധതിയുണ്ട്.

വോൾട്ടയറും ഡിഡറോയും, ഷാൺപോൾ സാർത്രും തുടങ്ങി നിരവധി പ്രതിഭകൾ മാനവരാശിയേയും സംസ്കാരത്തേയും കുറിച്ച് വിചിന്തനം നടത്തിയ ഫ്രഞ്ച് മണ്ണ് ഇന്ന് ഇന്ത്യൻ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യാൻ ഒരുങ്ങിയിരിക്കുകയാണ്. വൈവിധ്യമാണ് ആഗ്രഹിക്കുന്നെങ്കിൽ, അക്കാദമിക് മികവ് ശ്രേഷ്ഠമെന്നു കരുതുന്നുണ്ടെങ്കിൽ, ഫ്രാൻസ് എന്തുകൊണ്ടും ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മികച്ച രാജ്യമാണ്. VK



## ഫ്രാൻസിലെത്തിയ മുഖ്യമന്ത്രിയ്ക്ക് WMF ന്റെ ആദരം




ഫ്രാൻസ് സന്ദർശനത്തിനായി പാരീസിലെത്തിയ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ WMF ഫ്രാൻസ് ഘടകം സ്വീകരിച്ചു. പാരീസിലെ ഇന്ത്യൻ എംബസ്സിയിൽ നടന്ന സ്വീകരണച്ചടങ്ങിൽ ഫ്രാൻസ് മലയാളി സമൂഹത്തിന്റെ ഒരു പരിച്ഛേദം തന്നെ പങ്കെടുത്തു. WMF ഗ്ലോബൽ സെക്രട്ടറി ശ്രീ. സുഭാഷ് ഡേവിഡ്, സ്വാഗതപ്രസംഗത്തിലൂടെ WMF പ്രസ്ഥാനത്തെക്കുറിച്ച് മുഖ്യമന്ത്രിയെയും സംഘത്തെയും ധരിപ്പിച്ചു. പ്രളയാനന്തര കേരളത്തിൽ സർക്കാർ നടത്തുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി ബഹു. മുഖ്യമന്ത്രി സംസാരിച്ചു. ഇന്ത്യൻ അംബാസിഡർ ശ്രീ. വിനയ് മോഹൻ ക്വത്രയും സദസ്സിനെ അഭിസംബോധനചെയ്ത ചടങ്ങിൽ ചീഫ് സെക്രട്ടറി ശ്രീ ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ, ഡോ. മുരളി തുമ്മാരുകുടി, WMF ഫ്രാൻസ് ഭാരവാഹികളായ സുരേന്ദ്രൻ നായർ, റോയ് ആന്റണി, ജിത്തു ജനാർദ്ദൻ, വികാസ് മാത്യൂ, എംബസ്സി ഉദ്യോഗസ്ഥർ, ഇതര പ്രവാസി സംഘടനാ ഭാരവാഹികൾ തുടങ്ങിയവരും സന്നിഹിതരായിരുന്നു.





## മലയാളം മിഷൻ (WMF MM) രൂപീകരണം

ലോകമെമ്പാടും സാന്നിദ്യമറിയിച്ച ആഗോള സംഘടനയായ WMF ന്റെ യൂണിറ്റുകളിലൂടെ നമ്മുടെ മാതൃഭാഷയായ മലയാളത്തിനായി വിവിധ തരത്തിലുള്ള പ്രചാരണ, പ്രചോദന, പരിശീലന, പരിപാടികൾ സംഘടിപ്പിക്കുന്നതിനായി WMF മലയാളം മിഷൻ (WMF MM) രൂപീകരിച്ചു. ശ്രീ ജെയ്സൺ കാളിയലിനെ ഇതിന്റെ ഗ്ലോബൽ കോർഡിനേറ്റർ ആയും ശ്രീ ഹരീഷ് നായരെ ആഫ്രിക്കൻ റീജിയണൽ കോർഡിനേറ്റർ ആയും WMF ഗ്ലോബൽ കമ്മിറ്റി നിയമിച്ചു. കേരള സർക്കാരിന്റെ മലയാളം മിഷനുമായി സഹകരിച്ചു ഭാഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ഔദ്യോഗിക അംഗീകാരം WMF MM നേടിയിട്ടുണ്ട്. ബെനിൻ, ടോഗോ, ഹെയ്തി, ഡെൻമാർക്ക്, ഫ്രാൻസ് എന്നീ WMF യൂണിറ്റുകളുടെ നേതൃത്വത്തിൽ ഭാഷാ പരിശീലന പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. കൂടുതൽ രാജ്യങ്ങളിൽ WMF MM ഇതിനുള്ള തയ്യാറെടുപ്പിലാണ്. പ്രവാസി മലയാളികളുടെ പുതു തലമുറയിലും മറ്റ് ആളുകളിലും മലയാള ഭാഷാ ആഭിമുഖ്യം ഉണ്ടാക്കി ഭാഷാ പരിപോഷണം ആണ് WMF മലയാളം മിഷന്റെ പ്രധാന ലക്ഷ്യം.

## WMF മലയാളം മിഷൻ രചനാ മത്സരം

വേൾഡ് മലയാളം മിഷൻ, വേൾഡ് മലയാളി ഫെഡറേഷന്റെ നേതൃത്വത്തിൽ ലോക മാതൃദിനമായ മേയ് 12 ന് ' എന്റെ അമ്മ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു രചനാ മത്സരം സംഘടിപ്പിച്ചു. ഇരുപത്തിരണ്ടു യൂണിറ്റുകളിൽ നിന്നും അറുപത്തിരണ്ടു രചനകൾ ലഭിച്ചു. ഡോ. അരുൺ മോഹന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സംഘം നടത്തിയ വിലയിരുത്തലിനുശേഷം സമ്മാനാർഹരായവരുടെ പേരുകൾ 2019 മേയ് മാസം മുപ്പതാം തീയതി പ്രഖ്യാപിച്ചു. ശ്രീ നൗഷാദ് ആലുവ ഒന്നാം സമ്മാനത്തിന് അർഹനായി. ശ്രീമതി ഉഷ ഗോപാൽ രണ്ടാം സ്ഥാനവും ശ്രീ തോമസ് കെ.സ്. ശ്രീ ശിഹാബ് കൊയിലാണ്ടി എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.


നൗഷാദ് ആലുവ


ഉഷാഗോപാൽ

# എന്റെ അമ്മ

**നൗഷാദ് ആലുവ**
സൗദി അറേബ്യ



കടുത്ത തലവേദനയുമായാണ് റൂമിൽ വന്നു കയറിയത്.ഒരു കട്ടൻ കുടിച്ചാൽ കുറച്ചൊരാശ്വാസം തോന്നും. വയ്യ... തല പൊട്ടി പിളരുന്നു, കയ്യിൽ കിട്ടിയ ബാം അല്പം വാരി പൂശി, ഒരു പെനഡോൾ വിഴുങ്ങി നാട്ടിലേക്കുള്ള പതിവ് വിളികൾ പിന്നത്തേക്കാക്കി ഫോൺ മേശമേല് ഇട്ട് ബ്ലാങ്കെറ്റിനുള്ളിലേക്കു നൂണ്ടു. ഒന്നുറങ്ങിയാൽ ശരിയാകും. ഉറക്കത്തിലെപ്പോഴോ ഫോൺ ശബ്ദിച്ചു. നോക്കിയപ്പോൾ നാട്ടിൽ നിന്ന് ഭാര്യ. വിട്ടു മാറാത്ത തലവേദനയുടെ ഈർഷ്യ മറച്ചു വെക്കാതെ തന്നെ ചോദിച്ചു എന്താ? ഉമ്മച്ചി ഇക്കാനെ ഒന്ന് വിളിക്കണെന്ന് പറഞ്ഞേച്ചു കുറെ നേരായി. ഞാൻ ഉമ്മാക്ക് കൊടുക്കാം, 'എടാ പുള്ളെ നിനക്ക് എന്തെ അസുഖം വല്ലതും ഉണ്ടോടാ. ഉമ്മാക്ക് പൊലച്ചേ മുതല് ഒരു സുഖോല്ല.. നീയ്യണേൽ ഇന്ന് വിളിച്ചില്ലന്നു അവള് പറയേം ചെയ്തു. അതാ രാത്രീല് അവളെ കൊണ്ട് വിളിപ്പിച്ചത്.' ഒറ്റ ശ്വാസത്തിൽ ഉമ്മ ഇത്രയും ചോദ്യവും പറച്ചിലും. അത്... ഉമ്മാ... തിരക്കായിരുന്നു ഉമ്മ, ചെറിയ തല വേദനേം ഉണ്ടായിരുന്നു അതാ, പറഞ്ഞു നിർത്തുമ്പോഴേക്കും ഉമ്മ തുടങ്ങി മരുന്ന് വാങ്ങിയോ ഒരു കട്ടൻ ചായ ഇട്ട് കുടിക്കെടാ നിർത്താതെ സ്നേഹം നിറച്ച ഉപദേശം. ഇപ്പൊ കുറവുണ്ട് ഉമ്മ ഞാൻ നാളെ വിളിക്കാം. നന്നായി ഒന്ന് ഉറങ്ങിയാ മതി. 'ന്ന ശരി മോനെ '

ഫോൺ കട്ട് ആയിട്ടും നെഞ്ചിൽ വല്ലാത്തൊരു കനം. ഒരു ദിവസം വിളിക്കാണ്ട് ഇരുന്നപ്പോ ഉമ്മ തിരിച്ചറിഞ്ഞിരിക്കുന്നു മോന് വയ്യെന്ന്. മൈലുകൾ താണ്ടി അതൊരു വേവലാതി പോലെ ഉമ്മാടെ മനസ്സിൽ.

മനസ്സ് കുതിച്ചു പായുകയായിരുന്നു പഴയ വൈക്കോൽ മേഞ്ഞ കുഞ്ഞു വീട്ടിലേക്ക്, മഴ പെയ്താൽ ഉള്ള വെള്ളമൊക്കെ വീടിനുള്ളിൽ ഊർന്നിറങ്ങും. എന്നേം അനിയനേം അനിയത്തിയേം ആകെ ഉള്ളൊരു കട്ടിലിന്മേൽ കയറ്റി ഇരുത്തി നിലത്തു മുഴുവൻ ഉമ്മ ചാക്ക് വിരിച്ചിടും, രാത്രി മുഴുവൻ നിർത്താതെ പെയ്യുന്ന മഴ ഈ ചാക്ക് നനയ്ക്കുമ്പോൾ ഇത് പിഴിഞ്ഞ് വീണ്ടും വിരിക്കലും പിഴിയലുമായി ഉറങ്ങാൻ സമയം കിട്ടില്ല ഉമ്മാക്ക്. രാവിലെ എണീറ്റു കൊയ്യാനും കറ്റ കെട്ടാനും പോണം. ദാരിദ്ര്യം അതിന്റെ കാഠിന്യം അറിയിച്ചിരുന്ന നാളുകളിൽ ബാപ്പയുടെ വരുമാനത്തിനൊപ്പം ഉമ്മ കൂടി പണിക്കിറങ്ങിയാലേ ഒരു നേരം എങ്കിലും അടുപ്പ് പുകയൂ. പണി മാറ്റി തളർന്നു വരുമ്പോഴും വിശ്രമിക്കാനല്ല വിശന്നു തളർന്നിരിക്കുന്ന ഞങ്ങൾക്ക് ചോറ് വെച്ച് തരാൻ ആണ് ഉമ്മ ഓടുക. ഞങ്ങൾ കഴിക്കുന്നതും നോക്കി ഇരിക്കുന്ന ഉമ്മയുടെ തിളങ്ങുന്ന മുഖം ഇപ്പോഴും ഓർമ്മയിൽ തെളിഞ്ഞു നിൽപ്പുണ്ട്. ചെറിയൊരു തുമ്മലും ജലദോഷവും വരുമ്പോളേക്കും നാട്ടു വൈദ്യവുമായി ഉമ്മ ഉണ്ടാകും അരികത്തു നിന്ന് മാറാതെ, രാത്രി ഒരു പോള കണ്ണടക്കാതെ.

മെല്ലെ മെല്ലെ ഒരൽപം കൂടി മെച്ചപ്പെട്ട അവസ്ഥയിലേക്ക് ജീവിതം പച്ചപിടിച്ചു. കഠിനാധ്വാനം ചെയ്തു മിച്ചം പിടിച്ച് സ്വരുക്കൂട്ടിയ കാശ് കൊണ്ട് ബാപ്പ വാങ്ങിയ സ്ഥലത്ത് ചെറിയൊരു വീട് വെച്ചു. കൂലിക്കാരെ വെച്ച് മുഴുവൻ പണിയും ചെയ്യാനുള്ള പൈസയൊന്നും കയ്യിൽ ഇല്ലാത്തതു കൊണ്ട് മണലരിക്കാനും, കട്ട കെട്ടാനും ഒക്കെ ഉമ്മയായിരുന്നു പണിക്കാരിത്തിയുടെ റോളിൽ. അപ്പോഴൊക്കെ ഉമ്മ പറയും 'ന്റെ പുള്ള വലുതായിട്ടു വല്യൊരു വീട് വെക്കണം നിയ്ക്കതു കാണണം. നാട്ടിലെ അല്ലറ ചില്ലറ പണിയും തരികിടയുമായി നടക്കുമ്പോൾ ഇത് കൊണ്ടൊന്നും ജീവിതമാകില്ലെന്നു നല്ല ഒരു ജോലി കണ്ടെത്തണമെന്ന് കൂടെ കൂടെ ഓർമ്മപ്പെടുത്തും ഉമ്മ, ചെറുപ്പത്തിന്റെ ആവേശത്തിൽ മൊഞ്ചത്തികളെ നോക്കി കണ്ണ് വെക്കുമ്പോ ആദ്യം ആ രഹസ്യം പറയുന്നത് ഉമ്മയോട് മുഖം നിറച്ചൊരു ചിരിയോടെ ഉമ്മ കളിയാക്കും ആദ്യം നീയൊരു പണി നോക്ക്, എന്നിട്ടൊരു വീട് വെയ്ക്കു. ഹൂറികള് വരും ന്റെ പുള്ളേടെ പുറകെ' അതും പറഞ്ഞൊരു കള്ള ചിരിയുണ്ട്. അത്രയും ഭംഗിയുള്ളൊരു ചിരി ഇന്ന് വരെ ഞാൻ കണ്ടിട്ടില്ല. ഊര് തെണ്ടലൊന്നും ജീവിതത്തിൽ ഉതകില്ലാന്നു തോന്നിയപ്പോഴാ അക്കാലത്തെ മിക്കവാറും എല്ലാ ചെറുപ്പക്കാരേം പോലെ മൂന്ന് ജോഡി ഡ്രെസ്സുമായി ഭാഗ്യ പരീക്ഷണത്തിന് ഗൾഫിലേക്ക് വിമാനം കയറിയത്. ഉമ്മാടെ ചിറകിൻ കീഴിൽ നിന്ന് മാറിയപ്പോ മനസിലായി ഉമ്മ ആരാണെന്ന് എന്താണെന്ന്. പട്ടിണി കിടക്കുമ്പോ കഴിച്ചോടാ പുള്ളെ ന്ന് ഉമ്മയുടെ വാക്കുകൾ കേൾക്കാൻ, സങ്കടം പറയുമ്പോൾ തോളിൽ തൊട്ടു ഒക്കെ പോട്ടെടാ മോനെന്ന് പറയുന്നത് കേൾക്കാൻ, ഉമ്മാടെ ഉള്ളി ചമ്മന്തിയും ഇഞ്ചി കറിയും കൂട്ടി ഇത്തിരി ചോറുണ്ണാൻ, ഉമ്മയുടെ മീൻ കറിയുടെ മണമൊന്ന് കിട്ടിയാൽ മതി എന്നൊക്കെ തോന്നിയ ദിവസങ്ങൾ.

പിന്നെ പിന്നെ മരുഭൂമി പോറ്റമ്മയായി. ജീവിതം മെല്ലെ കര കയറി. അപ്പോഴൊക്കെ ഉമ്മ ഓർമ്മപ്പെടുത്തികൊണ്ടേയിരിക്കും വല്യ വീട് വെക്കുന്ന കാര്യം. ഉമ്മായുടെ ആഗ്രഹം പോലെ അത്യാവശ്യം നല്ലൊരു വീട് പണിതു. വീട് പണിയുമ്പോഴും വീടിരിക്കലിനുമൊക്കെ കുട്ടികളെ പോലെ ഓടി നടന്നത് ഉമ്മയാണ്. എന്തൊരു സന്തോഷമായിരുന്നു ആ മുഖത്തപ്പോൾ. ഇത്രയൊക്കെ ആയിട്ടും ഒരു നാൾ പോലും ഉമ്മ എന്റെ വീട്ടിൽ അന്തി ഉറങ്ങിയിട്ടില്ല. ഉപ്പ പണിത പഴയ വീട്ടിൽ മാത്രം ഉമ്മ ഉറങ്ങാറുള്ളൂ. ഉള്ളിന്റെ ഉള്ളിൽ വലിയൊരു ആഗ്രഹമാണത്. ഉമ്മയുടെ ആഗ്രഹ പ്രകാരം പണിത വീട്ടിൽ ഒരു നാളെങ്കിലും ഉമ്മ അന്തിയുറങ്ങണമെന്നു. ഉമ്മയോട് പറയുമ്പോൾ ഉമ്മ പറയും അതൊക്കെ പിന്നെ ആവാം. ഉമ്മാടെ മോൻ വീട് പണിതു കണ്ടല്ലോ അതാണ് ഉമ്മാടെ ഏറ്റവും വല്യ സന്തോഷം എന്ന്.

ഉമ്മ പുണ്യമാണ്. ജന്മ ജന്മാന്തരങ്ങൾ നാം ചെയ്ത നന്മയുടെ പുണ്യം. മക്കൾക്ക് വേണ്ടി ത്യാഗങ്ങളുടെ മാറാപ്പു ചുമക്കുന്ന അവരുടെ കാൽക്കീഴിലാണ് നമ്മുടെ സ്വർഗം. അവരുടെ പ്രാർത്ഥനയാണ് നമ്മുടെ അനുഗ്രഹം. മക്കൾക്ക് വേണ്ടിയുള്ള അവരുടെ ഓരോ കാത്തിരിപ്പുമാണ് ജീവിതത്തിലെ ഏറ്റവും വലിയ വിലപിടിപ്പുള്ള,

അർത്ഥമുള്ള കാത്തിരിപ്പ്. VK





# എന്റെ അമ്മ

**ഉഷാ ഗോപാൽ**
ബഹ്റിൻ

എഴുതിയാൽ തീരാത്ത മഷിയാണ് അമ്മ എന്ന വിഷയം. ഓർമ്മകൾ തുടങ്ങുന്നിടത്ത് നിന്നും തുടങ്ങിയ ആശ്രയവും പിൻവഴികളിലെ ഊർജ്ജവും വേദനകളിലെ ഔഷധവും നാളെയുടെ പ്രചോദനവുമാണ് എനിക്ക് അമ്മ. അവർ കലാലയത്തിന്റെ ഏടുകൾ കണ്ടിട്ടില്ല, മൽസരപ്പരീക്ഷണങ്ങളുടെ കുത്തൊഴുക്കറിഞ്ഞിട്ടില്ല എന്നിട്ടും പലപ്പോഴും ഒരു മാർഗ്ഗദർശകയാവാൻ കഴിഞ്ഞിരുന്നു എന്നത് കുടുംബത്തിനാകെ അതിശയിപ്പിച്ചിട്ടുള്ള കാര്യമാണ്.കാലഹരണപ്പെട്ട കൂട്ടുകുടുംബവ്യവസ്ഥയിൽ തുടങ്ങിയ നിസ്വാർത്ഥമായ അദ്ധ്വാനം ഉത്തരവാദിത്വം ഇവയെല്ലാം കറിക്കൂട്ടുകളിലും കരിപ്പാത്രങ്ങളിലുമായി ഒതുങ്ങിയതായിരുന്നു. വിശ്രമവേളകളാകട്ടെ അടുക്കളത്തോട്ടത്തിലും പൂന്തോട്ടപരിപാലനത്തിലും.

കഠിനാധ്വാനിയാണെങ്കിലും വൃത്തിയുടെ ആ രൂപത്തെ മണ്ണോ ചെളിയോ വെയിലോ ക്ഷീണിതയാക്കിയിരുന്നില്ല എന്നത് എടുത്തു പറയേണ്ടതാണ്. വയ്യായ്കകളും മടിയും അത്യാവശ്യത്തിന് ചില്ലറ അസുഖങ്ങളും വേണ്ടിടത്തൊക്കെ വന്നുകയറുന്ന എനിക്ക് അമ്മയുടെ ജീവിത വഴികളിൽ അത്തരമൊരു വിശ്രമസങ്കേതം കാണാൻ കഴിഞ്ഞിട്ടേയില്ല! വിളിപ്പുറത്തെന്നും അമ്മ ഉണ്ടാവുമെന്ന പ്രതീക്ഷ ഏത് അസമയത്തും ഞങ്ങൾക്കുണ്ടായിരുന്നകാലം... അച്ഛന്റെ വേർപാടിന് ശേഷം പരാശ്രയമില്ലാതെ ശിഷ്ടകാലം കഴിയണമെന്ന ദൃഢനിശ്ചയത്തിൽ മക്കളുടേയും ചെറുമക്കളുടേയും എല്ലാ പ്രയാസങ്ങളേയും സ്വയം ഏറ്റെടുക്കുകയാണ് ചെയ്തത്. അമ്മയൊഴികെ കുടുംബത്തിലെല്ലാവരുടേയും പിറന്നാളുകളും വിവാഹവാർഷികദിനങ്ങളും ഭഗവാനെ അറിയിച്ച് അനുഗ്രഹം വാങ്ങിത്തരുന്നത് അമ്മയുടെ അവകാശമാക്കിമാറ്റി. അതിനായി നടത്തുന്ന യാത്രയെക്കുറിച്ചോ കാലാവസ്ഥയെക്കുറിച്ചോ എപ്പോഴെങ്കിലും അസൗകര്യം പറഞ്ഞിട്ടുള്ളതായി ഓർമ്മയില്ല. വർഷത്തിലധിക ഭാഗവും ഗൾഫിൽ ചിലവഴിക്കുന്ന എന്റെ കുടുംബ ചുമതലകളിൽ അമ്മക്ക് കൂടുതൽ പങ്കുണ്ട്. ഞങ്ങളുടെ മകനെ രണ്ടു വർഷങ്ങൾക്ക് മുമ്പ് ഉപരിപഠനത്തിന് ബാംഗ്ലൂരിലാക്കിയപ്പോൾ ഒരുകണ്ണ് അവന്റെമേലുണ്ടായിരിക്കാൻ ഒരു കാവലാകാൻ അമ്മതന്നെ തയ്യാറായിവന്നു. അപരിചതരേയും അന്യഭാഷയേയും സ്നേഹത്തിന്റെ ഭാഷയാൽ അടുപ്പിക്കുന്ന അമ്മ ബാംഗ്ലൂരിലെ തിരക്കുപിടിച്ച ആധുനികതയെയും തണൽമരമാക്കി മാറ്റി. എന്നാൽ അമ്മയുടെ പ്രായവും ആരോഗ്യവും എല്ലാവരേയും ഒന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് കടന്നുവന്ന ന്യുമോണിയ, ആശുപത്രിയുടെ അത്യാഹിതവിഭാഗത്തിലേക്ക് അമ്മയെ തളച്ചിട്ടു.

എന്റെ ഉത്തരവാദിത്വം കുറ്റബോധമായി മാറിത്തുടങ്ങിയ ദിവസങ്ങൾ... അൽപം പ്രയാസപ്പെട്ട് നാട്ടിലെത്തിച്ച രോഗിയുടെ അവസ്ഥ മോശമായിത്തുടങ്ങിയതോടെ സന്ദർശകരുടെ പ്രവാഹമായി.... കൈകളിലൂടെ ജീവരക്തവും കൃത്രിമ ശ്വാസോച്ഛ്വാസവും ജീവനെ പിടിച്ചുനിർത്തിയപ്പോൾ ആ കൈകളിൽ മക്കൾക്കു നൽകാനിനിയും തലോടലിന്റെ അടയാളം ബാക്കിയുള്ളതറിഞ്ഞു. മാങ്ങയും ചക്കയും കണി കാണാതെ കഴിഞ്ഞവർഷത്തെ വിഷു കടന്നുപോയത് ആരുമറിഞ്ഞില്ല. ആശ്വാസവാക്കുകൾ അനുശോചനരൂപത്തിലേക്ക് മാറുംമുമ്പേ മക്കളെല്ലാവരും അരുകിലെത്തിയപ്പോൾ അതിൽ അമ്മ വിഷുക്കണി കണ്ടു... കൺ നിറയെ! നീണ്ട നാല്പതുദിനങ്ങൾക്കിടയിൽ പൂർണ്ണ വിരാമമിടാൻ തുടങ്ങിയ പല അവസരങ്ങളേയും തരണം ചെയ്ത് പാതി ആരോഗ്യത്തോടെ പുറത്തേക്ക് വന്നപ്പോഴും ആ മനസ്സിൽ ശക്തി ബാക്കിയുണ്ടായിരുന്നു... സഹതാപത്തിന്റെ മുനയൊടിച്ചുകൊണ്ട് "എല്ലാം ഭേദമായിട്ട് ഇനിയും ബാംഗ്ലൂർ സന്ദർശിക്കും "എന്ന് പറഞ്ഞത് ആത്മധൈര്യം വീണ്ടെടുക്കാൻ മാത്രമായിരുന്നു. കൃത്യമായ പരിശോധനകളും മരുന്നുകളും ദിനചര്യയിൽ ഏച്ചുകെട്ടിയ നിഷ്ക്രിയമായ ഒരുവർഷം... മരുന്നിന്റെ അകമ്പടിയോടെ രോഗവിമുക്തയായപ്പോളാണ് മടുപ്പിന്റെ രോഗം തലപൊക്കിത്തുടങ്ങിയതറിഞ്ഞത്.

ഇരുട്ടിനെയോ ഒറ്റപ്പെടലിനെയോ അല്ല, അനിശ്ചിതമായ അകലത്തുള്ള വിശ്രമകാലത്തെ മാത്രമാണ് അമ്മ ഭയക്കുന്നത്... ഒരു മാറ്റം ആ അവസ്ഥയിൽ അപകടകരമാണെന്നറിയാമെങ്കിലും അത് അനിവാര്യമാണെന്നറിഞ്ഞ് ഞങ്ങൾ, മക്കളൊത്തുചേർന്ന് ഒരുവട്ടം കൂടി അമ്മക്ക് ഒരുക്കിക്കൊടുത്ത ബാംഗ്ലൂർ ദിനങ്ങളിൽ ആരോഗ്യമുള്ള മനസ്സിന്റെ അപ്രതീക്ഷിതമായ വിജയം കണ്ടു! ജീവിതത്തിലെ ചെറിയതും വരാൻ സാദ്ധ്യതയുള്ളതുമായ സകല പ്രതിസന്ധികളേയും ഓർത്തോർത്ത് നല്ലകാലത്തെ തള്ളിനീക്കുന്ന എന്റെ തലമുറക്ക് അമ്മ ഒരു മാതൃകയാണ്.

ആരോഗ്യസൗഖ്യമന്വേഷിക്കാനെത്തുന്നവരെ പാകംനോക്കി തയ്യാറാക്കിയ മൂവാണ്ടന്റെ അച്ചാറും ചക്കവരട്ടിയും നൽകി സ്വീകരിക്കുകയാണ് ഇന്ന് ഈ എഴുപത്തിയേഴുകാരി. ഒരു ബംഗാരവല്ലി മാവിൻ തൈമുറ്റത്ത് നട്ട് പ്രതീക്ഷയുടെ വെള്ളമൊഴിച്ചുകൊണ്ടിരിക്കുന്നു. അഞ്ചാംവർഷം കായ്ക്കുമ്പോൾ പഴച്ചാറെടുത്ത് ചെറുമക്കൾക്ക് തിരയുണ്ടാക്കിവെക്കാൻ. VK

# WMF മിഷൻ ടാലെന്റ് (WMF MT)

കേരളം കലാ സമ്പന്നമാണ്. ധാരാളം ക്ലാസിക്കൽ കലാരൂപങ്ങൾ, നാടൻ കലകൾ, നാടൻ പാട്ടുകൾ, പരമ്പരാഗത നൃത്തം, സംഗീതം, അങ്ങനെ ഒരുപാട് കലാരൂപങ്ങൾ. പരമ്പരാഗതമായ കലകൾ പരിപോഷിപ്പിക്കുന്നതിനുള്ള ഒരു ഉദ്യമം! 116 ലധികം രാജ്യങ്ങളിൽ പ്രാതിനിധ്യമുള്ള നമ്മുടെ സംഘടനയിലൂടെ മേൽപറഞ്ഞ കലാകാരന്മാർക്ക് അവരുടെ ഉന്നമനത്തിനു വേണ്ടി പല പരിപാടികൾ ആസൂത്രണം ചെയ്യുക എന്നതാണ് നമ്മുടെ ഒരു ലക്ഷ്യം. കൂടാതെ ഓരോ രാജ്യത്തിന്റെയും കലാരൂപങ്ങൾ കേരള ജനതക്ക് പരിചയപ്പെടുത്തുന്ന സാംസകാരിക വിനിമയവും മിഷൻ ടാലന്റിലൂടെ വിഭാവനം ചെയ്യുന്നു.

## ചിലങ്ക നാടൻ കലകളുടെ പരിപോഷണം







കേരളത്തിന്റെ തനതായ നാടൻ കലാരൂപങ്ങൾ ഗ്രാമീണ തലത്തിൽ പ്രചരിപ്പിക്കാൻ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ച ശിവ പാർവതി ചാരിറ്റബിൾ സൊസൈറ്റി 2015 മുതൽ ചിലങ്ക റൂറൽ ഫെസ്റ്റ് നടത്തി വരുന്നു. അന്യം നിന്നു പോകാൻ സാധ്യതയുള്ള കലാ രൂപങ്ങളും നൃത്തവും ഗ്രാമീണ ജനതയ്ക്ക് കൂടി പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ആണ് ചിലങ്കയുടെ പിറവി. അഭിഭാഷകനായ ശ്രീജിത്ത് പ്രേമചന്ദ്രന്റെ കലയോടുള്ള താല്പര്യമാണ് ചിലങ്കയുടെ പിറവിക്കു പിന്നിൽ. ടൂറിസം പ്രചരണത്തിന്റെ ഭാഗമായി കലകളെ വിനിയോഗിക്കാനും നമ്മുടെ കലാരൂപങ്ങളെ ലോക ഭൂപടത്തിൽ അടയാളപ്പെടുത്താനും ആയി വിദേശ രാജ്യങ്ങളിൽ നമ്മുടെ കലാരൂപങ്ങളെ പരിചയപ്പെടുത്താനും അവരുടെ കലാരൂപങ്ങളെ ഇവിടേയ്ക്ക് കൊണ്ടുവരാനും ഉള്ള ഒരു ശ്രമത്തിന്റെ ഭാഗമായി വേൾഡ് മലയാളി ഫെഡറേഷനും ആയി ചേർന്ന് പുതിയ സാംസ്കാരിക വിനിമയ പരിപാടി മിഷൻ ടാലെന്റ് എന്ന പേരിൽ ആരംഭിച്ചിട്ടുള്ളതായി അഡ്വ ശ്രീജിത്ത് പ്രേമചന്ദ്രൻ അറിയിച്ചു.



## കേരള സ്റ്റേറ്റ് കൗൺസിൽ എക്സിക്യൂട്ടിവ് യോഗം

കേരള സ്റ്റേറ്റ് കൗൺസിൽ വിളിച്ചു ചേർത്ത കേരളത്തിലെ മൂന്നു സോണുകളിലേയും എക്സിക്യൂട്ടിവ് അംഗങ്ങളുടെ യോഗം 7. 7. 2019, ഞായറാഴ്ച്ച എറണാകുളം കേരളാ മർച്ചൻറ്സ് ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ വെച്ച് നടന്നു. സ്റ്റേറ്റ് കൗൺസിൽ പ്രസിഡണ്ട് സിദ്ധീഖ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്ലോബൽ വൈസ് ചെയർ പേഴ്സൺ ആനി ലിബു മുഖ്യാതിഥി ആയിരുന്നു. ഗ്ലോബൽ എക്സികൂട്ടിവ് അംഗം ഐ.വി. രാജു, ഗ്ലോബൽ കൾച്ചറൽ കോഡിനേറ്റർ അഡ്വ ശ്രീജിത്ത് കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. അംഗങ്ങളുടെ പരിചയപ്പെടുത്തലിനുശേഷം, ഗ്ലോബൽ ക്യാബിനറ്റ് അംഗീകാരത്തോടുകൂടി സോണുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ അംഗങ്ങൾക്ക് വിശദീകരിച്ചു കൊടുത്തു. ഈ യോഗത്തോടനുബന്ധിച്ച് കിടപ്പ് രോഗികളായ മൂന്ന് പേർക്ക് എയർ ബെഡ് നൽകി സഹായിച്ചു. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി ഹംസ സ്വാഗതവും വൈസ് പ്രസിഡണ്ട് മനോജ് നന്ദിയും പറഞ്ഞു.



## WMF Autstria യുടെ നേതൃതത്തിൽ ഏകദിന വിനോദയാത്ര



WMF Autsria യുടെ നേതൃതത്തിൽ Schwimmende Almhütte am Klaus See യിലേക്ക് 01.05.2019ൽ നടത്തിയ ഒരു ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. എല്ലാവരും ഒരുകുടുംബത്തിലെ അംഗങ്ങളെ പൊലെ ആദ്യാവസാനം പങ്കെടുത്തു. പാട്ടുപാടിയും കാഴ്ചകൾ കണ്ടും ഒരു ദിവസം അവിസ്മരണീയമാക്കി. with Am Stausee Klaus-ലെ യാത്ര പ്രകൃതിരമണീയമായ കാഴ്ചകളുടെ ഒരു ദൃശ്യാനുഭവം തന്നെ ആയിരുന്നു. കുട്ടികൾ നടത്തിയ Quiz മൽസരം എല്ലാവരിലും കൗതുകം ഉണർത്തി.

## സ്കൂൾ പുനർനിർമ്മാണം

കഴിഞ്ഞ വർഷം കേരളത്തിലൂടെ കടന്ന് പോയ മഹാപ്രളയത്തിൽ വഞ്ചിയും പങ്കായവും ആയി നാട്ടുകാരെ രക്ഷിക്കാൻ ഇറങ്ങിയ കടലിന്റെ മക്കൾ പഠിക്കുന്ന ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തീരദേശത്തെ സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ കഷ്ടപ്പെടുന്നു. WMF വൈസ് ചെയർ പേഴ്സൻ ആനി ലിബു, സംസ്ഥാന പ്രസിഡന്റ് വി എം. സിദ്ദിഖ് സംസ്ഥാന ചാരിറ്റി കോർഡിനേറ്റർ ബദറുദ്ധീൻ കരിപ്പോട്ടയിൽ, സെൻട്രൽ സോൺ പ്രസിഡന്റ് റഫീക്ക് മരക്കാർ, സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി ദുർഗമദനൻ, സ്റ്റേറ്റ് PRO റിനി സൂരജ്, സൗത്ത് സോൺ ചാരിറ്റി കോർഡിനേറ്റർ ജോജി മാരാരിക്കുളം എന്നിവർ സന്ദർശിച്ചു. ഹെഡ് മിസ്ട്രസ്, സ്കൂൾ മാനേജർ, PTA ഭാരവാഹികൾ, എഞ്ചിനീർ തുടങ്ങിയവരുമായി ചർച്ച നടത്തി.



## ആർ സി സിയിൽ വാട്ടർ പ്യൂരിഫയെർ സ്ഥാപിച്ചു

വേൾഡ് മലയാളി ഫെഡറേഷൻ കേരള സൗത്ത് സോൺ ചാപ്റ്ററിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ആർ സി സിയിലെ രോഗികൾക്ക് കുടിക്കാൻ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി ജല ശുദ്ധീകരണ ഉപകരണം കൈമാറി. ആർ സി സിക്കുവേണ്ടി സീനിയർ ഓങ്കോളജിസ്റ്റ് ഡോ. പ്രശാന്ത് ഈ ഉപകരണം ജൂൺ 10.2019ൽ WMF ഭാരവാഹികളിൽ നിന്നും ഏറ്റുവാങ്ങി. ചടങ്ങിൽ സോൺ വൈസ് പ്രസിഡന്റ് രാധിക, സെക്രട്ടറി അഡ്വ. ശ്രീജിത്ത് പ്രേമചന്ദ്രൻ, ട്രെഷറർ റസ്സ, മീഡിയ കോർഡിനേറ്റർ ശ്രീല പിള്ള, വിമൻസ് കോർഡിനേറ്റർ ജയശ്രീ, ജോയിന്റ് സെക്രട്ടറി ഹിലാൽ മുഹമ്മദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



## രക്തദാനം



ലോക രക്തദാന ദിനത്തോടനുബന്ധിച്ച് റിയാദ് ആസ്റ്റർ സനദ് ഹോസ്പിറ്റലിന്റെ സഹായത്തോടെ വേള്ഡ് മലയാളി ഫെഡറേഷന് റിയാദ് സെൻട്രൽ കൗൺസിൽ രക്തദാനം സംഘടിപ്പിച്ചു.

## വേൾഡ് മലയാളി ഫെഡറേഷൻ ഒമാൻ മീറ്റ്



**മസ്കറ്റ്:** വേൾഡ് മലയാളി ഫെഡറേഷൻ ഒമാൻ ദേശീയ സമ്മേളനം 'ഒമാൻ മീറ്റ് 2019' മസ്കറ്റിൽ നടന്നു. മസ്കറ്റിലെ ഗോൾഡൻ തുലിപ് ഹെഡിങ്ങ്ടൺ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം ഇന്ത്യൻ എംബസി കോൺസുലർ ശ്രീ. പി. കെ പ്രകാശ് ഉദ്ഘാടനം ചെയ്തു. ഒമാൻ ദേശീയ പ്രസിഡണ്ട് ഡോ. ജെ രത്നകുമാർ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ഡബ്ല്യു എം എഫ് ഒമാൻ കമ്മറ്റി പ്രഖ്യാപിച്ച മലയാള ഭാഷാ പണ്ഡിത ശ്രേഷ്ഠ പുരസ്കാരം ഭാഷാ പണ്ഡിതനും മലയാള പാഠശാല ഡയറക്ടറും കൂടിയായ ശ്രീ. ടി പി ഭാസ്കര പൊതുവാളിനു നൽകി ആദരിച്ചു.



## ആത്മാന്വേഷകയുടെ നിലയ്ക്കാത്ത കുറിമാനം

**പുസ്തക പ്രകാശനം**

| | |
|---|---|
| **വിഭാഗം:** | കവിത സമാഹാരം |
| **പേര്:** | അവളെഴുത്ത് |
| **കവിയത്രി:** | കെ. വി. സുമിത്ര |




അനുസ്യൂതമായ അന്വേഷണമാണ് ജീവിതം. യഥാർത്ഥ അന്വേഷകൻ ഒരിക്കലും അവന്റെ അല്ലെങ്കിൽ അവളുടെ അന്വേഷണം മററുള്ളവരുടെ അറിവിലും അനുഭവത്തിലും അടിസ്ഥാനമാക്കിയല്ല നടത്തേണ്ടത്. ഒരുവന്റെ ആത്മാന്വേഷണം എപ്പോഴും നൂതനവും അദ്വിതീയമായിരിക്കണമെന്ന് ശ്രീമതി സുമിത്രക്കു നിർബ്ബന്ധമുണ്ട്. കാൽപനികതയുടെ അതിർവരമ്പുകൾ എല്ലാം തകർത്ത് സമ്പൂർണ്ണവും നിരുപാധികവും സമഗ്രവുമായ മുക്തിക്കായുള്ള അന്വേഷണത്തിലെ നെടുവീർപ്പുകളുടെ പ്രതിധ്വനികളാണ് അവളെഴുത്ത് എന്ന കവിത സമാഹാരം. പഴഞ്ചൻ പ്രാമാണികതകളുടെ പ്രാകരം തകർത്തു അതിനുള്ളിലെ നിർവികാരതയുടെ പ്രതിഷ്ഠകളെ ധൂളിമയമാക്കുകയാണു ശ്രീമതി സുമിത്ര ഈ കവിത സമാഹാരത്തിലൂടെ. സൂക്ഷമമായ ഒരു ആത്മാന്വേഷണത്തിനു അവനവനറിയാതെ അവനവനിലേക്കെത്താൻ ധൈര്യം കാട്ടി, ഇടുങ്ങിയ ഊഷരഭൂമികൾക്കപ്പുറം വിശാലവും സ്വച്ഛന്ദവുമായ മേച്ചിൽ പുറങ്ങളിലൂടെ അനുവാചക മനസ്സിനെ മേയാൻ കവിയത്രി അനുവദിക്കുന്നു. ഫെബിയൻ ബുക്ക്സാണ് പ്രസാധകർ.

## ഫോട്ടോ മത്സരം




വേൾഡ് മലയാളി ഫെഡറേഷൻ മീഡിയ വിംഗ് ജൂൺ 5ന് പരിസ്ഥിതി ദിനത്തിൽ 'എന്റെ പരിസ്ഥിതി എന്റെ ഉത്തരവാദിത്വം' എന്ന വിഷയത്തിൽ നടത്തിയ ഫോട്ടോ മത്സരം സംഘടിപ്പിച്ചു. WMF കേരള സെൻട്രൽ സോണിൽ നിന്നും അബ്ദുൽ റഹ്മാൻ ഒന്നാം സമ്മാനം, WMF റിയാദ് സെൻട്രൽ കമ്മിറ്റി യുടെ പേരിൽ അയച്ച ആത്മന സ്റ്റാൻലി രണ്ടാം സമ്മാനം, WMF കേരള നോർത്ത് സോണിൽ നിന്നും സീന ഷാനവാസ് മൂന്നാം സ്ഥാനത്തിനും അർഹത നേടി.

## അനാഥ രോഗികൾക്ക് സൗജന്യമായി ബെഡ് ഷീറ്റും അഡൽറ്റ് ഡയപ്പർ വിതരണവും



വേൾഡ് മലയാളീ ഫെഡറെഷൻ സൗത്ത് സോണിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അനാഥ രോഗികൾക്ക് ബെഡ് ഷീറ്റും അഡൽറ്റ് ഡയപ്പറും വിതരണം ചെയ്തു. ചടങ്ങിൽ വാർഡ് കൗൺസിലർ ഐ പി ബിനു, ജനറൽ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. അനിൽ കുമാറിനു കൈമാറി. WMF സൗത്ത് സോൺ സെക്രട്ടറി അഡ്വക്കേറ്റ് ശ്രീജിത്ത് പ്രേമചന്ദ്രൻ, നന്ദി പറഞ്ഞു. ചടങ്ങിൽ സ്റ്റേറ്റ് മീഡിയ കോർഡിനേറ്റർ ശ്രീലാ പിള്ള, മലയാളം മിഷൻ കോർഡിനേറ്റർ സുമേഷ് ജി എസ്, സോൺ വൈസ് പ്രസിഡന്റ് രാധികാ റാണി, ട്രഷറർ റസ്സൽ കോസ്റ്റോ, ജോയിന്റ് സെക്രട്ടറി ഹിലാൽ മുഹമ്മദ്, കോർഡിനേറ്റർ റ്റെജി തോമസ് എന്നിവർ പങ്കെടുത്തു.




M C Road, Thiruvalla
0469 2602221

Thodupuzha
0486 - 2228821

Kottayam | Thrissur | Kollam
www.pulimoottilonline.com

Pulimoottil
SILKS